
TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
01-02



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

TALENT PSC Academy
a Veranda Enterprise
AMMU'S COMPLEX, OPPOSITE ARIES PLEX THEATRE, THIRUVANANTHAPURAM
8590 575 713

## Appointment

- 2025 നവംബറിൽ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസിന്റെ ചെയർമാനായി നിയമിതനായത്

**വിവേക് ചതുർവേദി**

## Awards

- 2026-ലെ ഓസ്കാറിൽ മികച്ച ആനിമേറ്റഡ് ഫീച്ചർ ഫിലിം വിഭാഗത്തിൽ മത്സരിക്കുന്ന ഇന്ത്യൻ ചിത്രം

**മഹാഅവതാർ നരസിംഹ**

  - സംവിധാനം – **അശ്വിൻ കുമാർ**

- 2025 മാർഗി സതി സ്മൃതി പുരസ്കാരത്തിന് അർഹയായത്

**ചിത്ര വിശേശ്വരൻ** (ഭരതനാട്യം കലാകാരി)

  - 2024 – **കലാമണ്ഡലം ഗോപിയാശാൻ** (കഥകളി ആചാര്യൻ)
  - സമ്മാനത്തുക – **50,000 രൂപ**

## National

- ഗവർണറുടെ ഔദ്യോഗിക വസതിയായ രാജ്ഭവന് നൽകുന്ന പുതിയ പേര്

**ലോക് ഭവൻ**

  - കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ ഉത്തരവനുസരിച്ചാണ് പേരുമാറ്റം.
  - രാജ്യത്തെ എല്ലാ രാജ് ഭവനങ്ങളുടെയും പേര് ജനങ്ങളുടെ ഭവനം എന്നർത്ഥം വരുന്ന ലോക് ഭവൻ എന്നാക്കണമെന്നായിരുന്നു കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവ്.
  - ലഫ്റ്റനന്റ് ഗവർണർമാരുടെ ഔദ്യോഗിക വസതിയായ രാജ് നിവാസിന്റെ പേര് 'ലോക് നിവാസ്' എന്നാക്കാനും തീരുമാനിച്ചിട്ടുണ്ട്.

- ഇന്ത്യയിലെ ആദ്യത്തെ കോറൽ റീഫ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വരുന്നത്

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**

  - പവിഴപ്പുറ്റുകളുടെ ഗവേഷണത്തിനുള്ള നോഡൽ, മോണിറ്ററിംഗ് ഏജൻസിയായി പ്രവർത്തിക്കും

- ഇന്ത്യയുടെ ഇഞ്ചി തലസ്ഥാനം ആയി അടുത്തിടെ നീതി ആയോഗ് ശുപാർശ ചെയ്ത സംസ്ഥാനം

**മിസോറാം**

## International

- ഏഷ്യൻ പവർ ഇൻഡക്സ് 2025ൽ ഇന്ത്യയുടെ സ്ഥാനം

**3**

  - ഒന്നാം സ്ഥാനത്ത് – **യു.എസ്.**
  - രണ്ടാം സ്ഥാനത്ത് – **ചൈന**
  - ഏഷ്യ-പസഫിക്കിൽ രാജ്യങ്ങളുടെ ആഗോള ശക്തി വിലയിരുത്തുന്നതിനുള്ള വിശകലന സംവിധാനമാണ് ലോവി ഇൻസ്റ്റിറ്റ്യൂട്ട് വർഷാവർഷം പുറത്തിറക്കുന്ന ഏഷ്യ പവർ ഇൻഡക്സ്.

- ലിയോ പതിനാലാമൻ മാർപാപ്പ സ്ഥാനമേറ്റെടുത്ത ശേഷം ആദ്യമായി സന്ദർശിച്ച വിദേശ രാജ്യം

**തുർക്കി**

  - ക്രൈസ്തവ വിശ്വാസചരിത്രത്തിലെ നിർണ്ണായകമായ 'കൗൺസിൽ ഓഫ് നിഖ്യ'യുടെ (Council of Nicaea) 1700-ാം വാർഷികം ആഘോഷിക്കുന്നതിനാണ് അദ്ദേഹം പ്രധാനമായും എത്തിയത്

- 2025-ലെ ഭരണഘടനാ ദിനത്തോടനുബന്ധിച്ച്, ഡോ. ബി.ആർ. അംബേദ്കറുടെ പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ടത്

**യുനെസ്കോ ആസ്ഥാനം**

  - നവംബർ 26 – **സംവിധാൻ ദിവസ്** (ഭരണഘടനാ ദിനം)

- ഇന്തോനേഷ്യയെ പോളിയോ വിമുക്തമായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചു
  - ഇന്തോനേഷ്യയിലെ പോളിയോവൈറസ് ടൈപ്പ് 2 വ്യാപിക്കുന്നത് അവസാനിച്ചതായി ലോകാരോഗ്യ സംഘടന (WHO) ഔദ്യോഗികമായി പ്രഖ്യാപിച്ചു,
  - 2024 ജൂൺ മുതൽ കുട്ടികളിലോ പരിസ്ഥിതിയിലോ പോളിയോവൈറസ് കണ്ടെത്തിയിട്ടില്ലാത്തതിനെത്തുടർന്നാണ് പ്രഖ്യാപനം വന്നത്.

- 2025 ലോക എയ്ഡ്സ് ദിനത്തിന്റെ പ്രമേയം

**Overcoming disruption, transforming the AIDS response**

  - ലോക എയ്ഡ്സ് ദിനം – **ഡിസംബർ 1**

## Defence

- സൂര്യകിരൺ 2025-ന്റെ വേദി

**പിത്തോറഗഡ്** (ഉത്തരാഖണ്ഡ്)

  - 19-ാമത് എഡിഷൻ ഇന്ത്യ- നേപ്പാൾ സംയുക്ത സൈനികാഭ്യാസമാണിത്

## Sports

- 2025-ലെ സുൽത്താൻ അസ്‌ലൻ ഷാ കപ്പിൽ വിജയിച്ചത്

**ബെൽജിയം**

  - റണ്ണറപ്പ് – **ഇന്ത്യ**
  - വേദി – **മലേഷ്യ**

## Today's MCQ

1. ലോകത്തിലെ ഏറ്റവും ഉയരമുള്ള ശ്രീരാമ പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ടത്

(a) ഗോവ (b) ഗുജറാത്ത്

(c) മഹാരാഷ്ട്ര (d) ഉത്തർപ്രദേശ്

2. ദിത്വാ (Ditwah) ചുഴലിക്കാറ്റിനെത്തുടർന്ന് ശ്രീലങ്കയെ സഹായിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദുരിതാശ്വാസ ദൗത്യം

(a) ഓപ്പറേഷൻ ബ്രഹ്മ (b) ഓപ്പറേഷൻ സാഗർ ബന്ധു

(c) ഓപ്പറേഷൻ അജയ് (d) ഓപ്പറേഷൻ ഇന്ദ്രാവതി

**Ans:** 1. **(a),** 2. **(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

December
3-4




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 03.12.2025 TO 04.12.2025

## Appointment

- പഞ്ചാബ് നാഷണൽ ബാങ്കിന്റെ ആദ്യ വനിതാ ബ്രാൻഡ് അംബാസഡർ

**ഹർമൻപ്രീത് കൗർ**

- ❖ ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം
- ❖ ഇന്ത്യക്ക് വനിതാ ലോകകപ്പ് നേടി കൊടുത്ത ആദ്യ ക്യാപ്റ്റൻ
- ❖ അന്തരാഷ്ട്ര വനിതാ T 20 ക്രിക്കറ്റിൽ സെഞ്ചുറി നേടിയ ആദ്യ ഇന്ത്യൻ താരം

## Awards

- ലോക അത്‌ലറ്റിക് ഫെഡറേഷന്റെ 'അത്‌ലറ്റ് ഓഫ് ദി ഇയർ' പുരസ്കാരം.
  - ❖ പുരുഷ വിഭാഗം - **Armand Duplantis**
  - ❖ വനിതാ വിഭാഗം - **McLaughlin-Levrone**

## National

- ഇന്ത്യയിൽ ആദ്യമായി 'വാട്ടർ പോസിറ്റീവ്' പദവി കൈവരിച്ച വിമാനത്താവളം

**ഡൽഹി ഇന്ദിരാഗാന്ധി ഇന്റർനാഷണൽ എയർപോർട്ട്**

- ❖ ഒരു സ്ഥാപനം അവരുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളത്തേക്കാൾ കൂടുതൽ അളവ് വെള്ളം പ്രകൃതിയിലേക്ക് തിരികെ നൽകുകയോ സംഭരിക്കുകയോ ചെയ്യുമ്പോഴാണ് ആ സ്ഥാപനത്തെ 'വാട്ടർ പോസിറ്റീവ്' എന്ന് വിളിക്കുന്നത്.

- അടുത്തിടെ GI ടാഗ് ലഭിച്ച പശ്ചിമ ബംഗാളിലെ ഡാർജിലിംഗിലെ കുന്നുകളിൽ വളരുന്ന ഓറഞ്ച്

**മന്ദാരിൻ ഓറഞ്ച്**

- പ്രധാനമന്ത്രിയുടെ ഓഫീസിന്റെ പുതിയ പേര്

**സേവാ തീർഥ്**

- ❖ അടുത്തിടെ രാജ്ഭവന്റെ പേര് ലോക് ഭവൻ എന്ന് മാറ്റിയിരുന്നു.

## International

- ഓക്സ്ഫഡ് യൂണിവേഴ്സിറ്റി 2025-ലെ 'വേർഡ് ഓഫ് ദി ഇയർ' ആയി തിരഞ്ഞെടുത്ത വാക്ക്

**Rage Bait**

- ❖ സോഷ്യൽ മീഡിയയിൽ കൂടുതൽ ആളുകളെക്കൊണ്ട് പ്രതികരിപ്പിക്കാൻ വേണ്ടി, അവരിൽ ദേഷ്യവും വെറുപ്പും ഉണ്ടാക്കുന്ന തരത്തിലുള്ള പോസ്റ്റുകളോ ഉള്ളടക്കങ്ങളോ നിർമ്മിക്കുന്നതിനെയാണ് 'റേജ് ബെയ്റ്റ്' എന്ന് വിളിക്കുന്നത്.

- അടുത്തിടെ മൃഗപീഡന നിരോധന നിയമത്തിൽ നിന്ന് Moh Juj ഒഴിവാക്കാനുള്ള ബിൽ പാസാക്കിയ സംസ്ഥാന നിയമസഭ ഏതാണ്

**അസം**

- ❖ അസമിലെ ബിഹു ആഘോഷങ്ങളുടെ ഭാഗമായ പരമ്പരാഗത പോത്ത് പോരിനെ ആണ് Moh Juj എന്നറിയപ്പെടുന്നത്

## Sports

- ക്രിക്കറ്റിലെ ഒരു ഫോർമാറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചുറികൾ എന്ന റെക്കോർഡ് സ്വന്തമാക്കിയ താരം

  **വിരാട് കോലി**

  - റാഞ്ചിയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ നടന്ന പരമ്പരയിലെ ആദ്യ ഏകദിനത്തിൽ വിരാട് കോലി സെഞ്ചുറി നേടി
  - ഇതോടെ അദ്ദേഹം അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ 52-ാമത്തെ സെഞ്ചുറി നേടി
  - ക്രിക്കറ്റിലെ ഒരു ഫോർമാറ്റിൽ മാത്രമായി ഏറ്റവും കൂടുതൽ സെഞ്ചുറി എന്ന റെക്കോർഡ് ഇതോടെ കോലി സ്വന്തമാക്കി. 51 സെഞ്ചുറികൾ (ടെസ്റ്റ് ക്രിക്കറ്റിൽ) എന്ന സച്ചിൻ തെൻഡുൽക്കറുടെ റെക്കോർഡാണ് കോലി തിരുത്തിയത്.
  - വിരാടിന്റെ സെഞ്ചുറിയോടെ അന്താരാഷ്ട്ര ക്രിക്കറ്റിൽ 7000 സെഞ്ചുറിയും പിറന്നിരുന്നു.

- അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരം

  **രോഹിത് ശർമ്മ**

  - പാകിസ്ഥാൻ താരം ഷാഹിദ് അഫ്രീദിയുടെ പേരിലുണ്ടായിരുന്ന റെക്കോർഡാണ് രോഹിത് മറികടന്നത്.
  - അന്താരാഷ്ട്ര T20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരവും രോഹിത് ശർമ
  - അന്താരാഷ്ട്ര ക്രിക്കറ്റിലെ എല്ലാ ഫോർമാറ്റിലുമായി ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരം - **രോഹിത് ശർമ**
  - അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരം - **ബെൻ സ്റ്റോക്സ്**

- സയ്യിദ് മുഷ്താഖലി ട്രോഫിയിൽ സെഞ്ചുറി നേടുന്ന പ്രായം കുറഞ്ഞ താരം

  **വൈഭവ് സൂര്യവംശി**

## Today's MCQ

1. ഇന്ത്യയുടെ ഇഞ്ചി തലസ്ഥാനം ആയി അടുത്തിടെ നീതി ആയോഗ് ശുപാർശ ചെയ്ത സംസ്ഥാനം

   (a) അസം (b) മിസോറാം

   (c) മേഘാലയ (d) ത്രിപുര

2. ഏഷ്യൻ പവർ ഇൻഡക്സ് 2025ൽ ഇന്ത്യയുടെ സ്ഥാനം

   (a) 2 (b) 4

   (c) 3 (d) 5


   **Ans:** 1. **(b),** 2. **(c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
05




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 05.12.2025

## Appointment

- 2025 ഡിസംബറിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതയായത്

**ഉഷ ജാനകിരാമൻ**

  - 2025 ഒക്ടോബറിൽ സെൻട്രൽ ബാങ്ക് സോണാലി സെൻ ഗുപ്തയെയും സഞ്ജയ് കുമാർ ഹൻസ്ഡയെയും എക്സിക്യൂട്ടീവ് ഡയറക്ടർമാരായി നിയമിച്ചിരുന്നു.

- 2025 ഡിസംബറിൽ ബി.എസ്.എഫ് ഡയറക്ടർ ജനറലായി ചുമതലയേറ്റത്

**പ്രവീൺ കുമാർ**

  - ഐ.ടി.ബി.പി ഡയറക്ടർ ജനറൽ പ്രവീൺ കുമാറിന് അധിക ചുമതലയായി ബി.എസ്.എഫ് ഡയറക്ടർ ജനറലായി.

## Kerala

- ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ മേഖല നാവിഗേഷൻ ഹബ് സ്ഥാപിതമായത്

**തിരുവനന്തപുരം**

  - അനന്ത് സെന്റർ ഓഫ് എക്സലൻസ് ഫോർ നാവിഗേഷൻ (ACEN) ഐ.എസ്.ആർ.ഒ ചെയർമാൻ വി.നാരായണൻ ഉദ്ഘാടനം ചെയ്തു.

## National

- **2025 നാവിക ദിനാഘോഷം**
  - വേദി - **ശംഖുമുഖം** (തിരുവനന്തപുരം)
  - മുഖ്യാതിഥി - **ദ്രൗപതി മുർമു** (രാഷ്ട്രപതി)
  - INS വിക്രാന്ത് , മിഗ് 29K യുദ്ധവിമാനം, ഐഎൻഎസ് ശിശുമർ എന്ന അന്തർവാഹിനി, പായ്ക്കപ്പലുകളായ INS സുദർശിനി, INS തരംഗിണി, ഡിസ്ട്രോയറുകൾ, ഫ്രിഗേറ്റുകൾ, ഫാസ്റ്റ് അറ്റാക്ക് ക്രാഫ്റ്റ്, സീ കിംഗ്, ചേതക് ഹെലികോപ്റ്ററുകൾ, എയർക്രാഫ്റ്റ് -P 8I എന്നിവ നാവിക ആഘോഷത്തിൽ പങ്കെടുത്തു.

- തുണിത്തരങ്ങളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രം അടുത്തിടെ പ്രഖ്യാപിച്ച പദ്ധതി

**Tex-RAMPS**

  - Textiles Focused Research, Assessment, Monitoring, Planning and Start-up

- ഹോൺബിൽ ഫെസ്റ്റിവൽ നടക്കുന്ന സംസ്ഥാനം

**നാഗാലാൻഡ്**

  - ഉത്സവങ്ങളുടെ ഉത്സവം ആയ ഹോൺബിൽ ഫെസ്റ്റിവലിന്റെ 26-ാമത് പതിപ്പാണ് 2025-ൽ നടക്കുന്നത്
  - നാഗാലാൻഡ് സംസ്ഥാന രൂപീകരണ ദിനത്തോടനുബന്ധിച്ചാണ് ഫെസ്റ്റിവൽ നടക്കുന്നത്

- ഇന്ത്യയിലെ ആദ്യത്തെ സ്റ്റാർട്ടപ്പ്, ടെക് മ്യൂസിയം സ്ഥാപിതമാകുന്നത്

  **ബെംഗളൂരു**

  - കർണാടക ടെക്നോളജി ആൻഡ് ഇന്നൊവേഷൻ മ്യൂസിയം ഫൗണ്ടേഷന്റെ (കെ.ടി.ഐ.എം.എഫ്) കീഴിലാണ് ഇത് വികസിപ്പിക്കുക.
  - ആദ്യ ഘട്ടം 2027 ൽ പ്രവർത്തനക്ഷമമാകും
- അടുത്തിടെ GI ടാഗ് ലഭിച്ച തമിഴ്നാട്ടിൽ നിന്നുള്ള ഉത്പന്നങ്ങൾ

  **വോറയൂർ കോട്ടൺ സാരി**

  **കവിന്ദപ്പാടി നാട്ടു ശക്കരൈ**

  **നാമക്കൽ മക്കൾ പത്തിരങ്കൽ (സോപ്പ്സ്റ്റോൺ പാത്രങ്ങൾ)**

  **തൂയമല്ലി അരി ഇനം**

  **അംബാസമുദ്രം ചോപ്പു സമൻ (തടികൊണ്ടുള്ള പാവകൾ)**

  - ഇതോടെ, തമിഴ്നാട്ടിൽ GI ടാഗുകളുള്ള ഉൽപ്പന്നങ്ങൾ 74 ആയി

## Defence

- EKUVERIN 14-ാമത് പതിപ്പിന്റെ വേദി

  **കേരളം**

  - ഇന്ത്യ-മാലിദ്വീപ് ദ്വിരാഷ്ട്ര സൈനികാഭ്യാസമാണിത്
- അടുത്തിടെ ഇന്തോനേഷ്യയിൽ സന്ദർശനം നടത്തുന്ന ഇന്ത്യൻ തീരസംരക്ഷണ സേനയുടെ കപ്പൽ

  **ICGS വിഗ്രഹ**

  - ആസിയാൻ രാജ്യങ്ങളിലേക്കുള്ള വിദേശ വിന്യാസത്തിന്റെ ഭാഗമായി ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഷിപ്പ് (ഐ.സി.ജി.എസ്) വിഗ്രഹ ഇന്തോനേഷ്യയിലെ ജക്കാർത്തയിലേക്ക് മൂന്ന് ദിവസത്തെ ഓപ്പറേഷണൽ സന്ദർശനം നടത്തുന്നു.

## Demise

- അടുത്തിടെ അന്തരിച്ച പ്രശസ്ത ബ്രിട്ടീഷ് നാടകകൃത്ത്

  **ടോം സ്റ്റോപ്പാർഡ്**

  - 1998-ൽ പുറത്തിറങ്ങിയ 'ഷേക്സ്പിയർ ഇൻ ലവ്' എന്ന സിനിമയുടെ തിരക്കഥയ്ക്ക് 1999-ലെ ഓസ്കാർ അക്കാദമി അവാർഡ് നേടിയിരുന്നു

## Today's MCQ

1. പഞ്ചാബ് നാഷണൽ ബാങ്കിന്റെ ആദ്യ വനിതാ ബ്രാൻഡ് അംബാസഡർ

   (a) സ്മൃതി മന്ദാന　　(b) ഷഫാലി വർമ്മ

   (c) ഹർമൻപ്രീത് കൗർ　　(d) ദീപ്തി ശർമ്മ

2. ക്രിക്കറ്റിലെ ഒരു ഫോർമാറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചറികൾ എന്ന റെക്കോർഡ് സ്വന്തമാക്കിയ താരം

   (a) വിരാട് കോലി　　(b) രോഹിത് ശർമ്മ

   (c) ഷാഹിദ് അഫ്രീദി　　(d) ക്രിസ് ഗെയ്ൽ

**Ans:** 1. **(c)**, 2. **(a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
06



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 06.12.2025

## Kerala

- തദ്ദേശ തിരഞ്ഞെടുപ്പ് ബാലറ്റ് ലേബൽ
  - ഗ്രാമപ്പഞ്ചായത്തിന്റെ ബാലറ്റ് ലേബൽ വെള്ള നിറം
  - ബ്ലോക്ക് പഞ്ചായത്തിന്റെ പിങ്ക് നിറം
  - ജില്ലാ പഞ്ചായത്തിന്റേത് ഇളം നീല നിറം
  - നഗരസഭകളിലും കോർപ്പറേഷനുകളിലും വെള്ള നിറത്തിലുള്ള ബാലറ്റ് ലേബലുകളാണ് ഉപയോഗിക്കുക

## Awards

- 2025-ൽ ക്രോസ്‌വേഡ് ബുക്ക് പ്രൈസ് വിവർത്തന പുരസ്കാരം നേടിയത്

  **മനോജ് കുറൂർ** (നിലം പൂത്തു മലർന്ന നാൾ)

  (വിവർത്തനം - **ദ ഡേ ദ എർത് ബ്ലൂംഡ്** (ജെ. ദേവിക))
  - നോൺ ഫിക്ഷൻ വിഭാഗത്തിൽ **മനു.എസ്.പിള്ള**യും പുരസ്കാരത്തിന് അർഹനായി (ഗോഡ്സ്, ഗൺസ് ആൻഡ് മിഷനറീസ്: ദ മേക്കിങ് ഓഫ് ദ മോഡേൺ ഹിന്ദു ഐഡന്റിറ്റി )
  - ഇന്ത്യൻ എഴുത്തുകാരെയും അവരുടെ പുസ്തകങ്ങളെയും പ്രോത്സാഹിപ്പിക്കാൻ സ്ഥാപിതമായതാണ് ക്രോസ്‌വേഡ് ബുക്ക് അവാർഡ്.
  - 1998 - ൽ ആരംഭിച്ചു

## National

- കർഷക ക്ഷേമം ശക്തിപ്പെടുത്തുന്നതിനായി റൈത്തന്ന മീ കോസം സംരംഭം ആരംഭിച്ച സംസ്ഥാനം

  **ആന്ധ്രാപ്രദേശ്**

## International

- 2025 ഡിസംബറിൽ ഇന്ത്യ സന്ദർശനം നടത്തുന്ന റഷ്യൻ പ്രസിഡന്റ്

  **വ്ളാഡിമർ പുടിൻ**

- മൈക്കലാഞ്ചലോ ഡോം എന്ന പേരിൽ എ.ഐ. അധിഷ്ഠിത പ്രതിരോധ കവചം അവതരിപ്പിച്ച രാജ്യം

  **ഇറ്റലി**
  - ഡ്രോണുകൾ, ഹൈപ്പർസോണിക് മിസൈലുകൾ തുടങ്ങിയ ആധുനിക യുദ്ധഭീഷണികളെ നേരിടാനുള്ള പ്രതിരോധ സംവിധാനമാണിത്.
  - ശത്രുക്കളുടെ ആക്രമണം മുൻകൂട്ടി പ്രവചിക്കാനും അതിവേഗം പ്രതികരിക്കാനും ഈ സംവിധാനം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്നു.

- 2025 അന്താരാഷ്ട്ര മണ്ണ് ദിനത്തിന്റെ പ്രമേയം

  **Healthy Soils for Healthy Cities**
  - മണ്ണ് ദിനം - **ഡിസംബർ 5**

TALENT PSC Academy a Veranda Enterprise

## Science & Technology

- ചൊവ്വയിൽ പണ്ട് ജലസാന്നിധ്യം ഉണ്ടായിരുന്നു എന്നതിന് തെളിവായി, അടുത്തിടെ ഗവേഷകർ കണ്ടെത്തിയ പുരാതന നദീതട വ്യവസ്ഥ

**പരാന വാലെസ്**

  - ചൊവ്വയിലെ പുരാതനമായ ഒരു നദീതട വ്യവസ്ഥയാണിത് കോടിക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ഇവിടെ വലിയ നദികൾ ഒഴുകിയിരുന്നു.
  - തെക്കേ അമേരിക്കയിലെ പ്രസിദ്ധമായ 'പരാന' നദിയുടെ പേരിൽ നിന്നാണ് ഇതിന് ഈ പേര് നൽകിയത്.

- അടുത്തിടെ ഇന്ത്യൻ ഗവേഷകർ, ജെയിംസ് വെബ് സ്പേസ് ടെലിസ്കോപ്പ് ഉപയോഗിച്ച് കണ്ടെത്തിയ, സർപ്പിളാകൃതിയിലുള്ള കൂറ്റൻ താരാപഥത്തിന് നൽകിയ പേര്

**അളകനന്ദ**

  - ഭൂമിയിൽ നിന്ന് 1200 കോടി പ്രകാശവർഷം അകലെ സ്ഥിതി ചെയ്യുന്നു
  - പ്രപഞ്ചം രൂപം കൊണ്ടിട്ട് വെറും 150 കോടി വർഷം മാത്രമുള്ളപ്പോൾ നിലനിന്നിരുന്ന ഗ്യാലക്സി ആണിത്
  - ഹിമാലയൻ നദിയായ 'അളകനന്ദ' യുടെ പേരാണ് ഗവേഷകർ ഈ പുതിയ താരാപഥത്തിന് നൽകിയിരിക്കുന്നത്.

- 175 വർഷങ്ങൾക്ക് ശേഷം വയനാട് തൊള്ളായിരം വനമേഖലയിൽ നിന്നും കണ്ടെത്തിയ, വംശനാശം സംഭവിച്ചു എന്ന് കരുതിയിരുന്ന അപൂർവ്വ പരാദ സസ്യം

**Campbellia Aurantiaca**

  - കുറിഞ്ഞി ചെടികളുടെ വേരിൽ നിന്ന് പോഷകങ്ങൾ വലിച്ചെടുത്താണ് ഇവ വളരുന്നത്. ഏതാനും ആഴ്ചകൾ മാത്രമേ ഇതിന് ആയുസ്സുള്ളൂ.

## Defence

- തിരുവനന്തപുരം നെട്ടുകാൽത്തേരിയിലെ തുറന്ന ജയിലിന്റെ 180 ഏക്കർ ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റിന് കൈമാറാൻ സുപ്രീംകോടതി അനുമതി നൽകി.
  - കേന്ദ്ര സായുധ പോലീസ് സേനയായ സശസ്ത്ര സീമാ ബലിനും (എസ്.എസ്.ബി) കേന്ദ്ര ഫൊറൻസിക് സയൻസ് സർവകലാശാലയ്ക്കും സ്ഥലം നൽകാൻ തീരുമാനിച്ചു.

## Today's MCQ

1. 2025 ഡിസംബറിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിക്കപ്പെട്ട വ്യക്തി

   (a) സോണാലി സെൻ ഗുപ്ത (b) ഉഷ ജാനകിരാമൻ

   (c) സഞ്ജയ് കുമാർ (d) സഞ്ജയ് മൽഹോത്ര

2. EKUVERIN 14-ാമത് പതിപ്പിന്റെ വേദി

   (a) കേരളം (b) തമിഴ്നാട്

   (c) മഹാരാഷ്ട്ര (d) ഗുജറാത്ത്

**Ans:** 1. **(b)**, 2. **(a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
07



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 07.12.2025

## Appointment

- 2026 ഏഷ്യൻ ഗെയിംസിന്റെ ഇന്ത്യൻ ഷെഫ് ഡി മിഷൻ

**സഹദേവ് യാദവ്** (IOA ട്രെഷറർ)

- ഡെപ്യൂട്ടി ഷെഫ് ഡി മിഷൻ – **അചാന്ത ശരത് കമൽ**

## Kerala

- തദ്ദേശ തിരഞ്ഞെടുപ്പിൽ 'നോട്ട' എന്ന ഓപ്ഷൻ ഇല്ല
  - ഒരു സ്ഥാനാർഥിയോടും താത്പര്യമില്ലാത്ത വോട്ടർമാർക്ക് വിയോജിപ്പ് പ്രകടിപ്പിക്കാനുള്ള 'ഓപ്ഷ'നാണ് 'NOTA' (None of the above)
  - ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് സ്ഥാനാർഥികളിൽ ആർക്കും വോട്ടുചെയ്യാൻ താത്പര്യ മില്ലെങ്കിൽ 'എൻഡ്' ബട്ടൺ അമർത്തി മടങ്ങാം.
  - ഇഷ്ടമുള്ള ഒരു സ്ഥാനാർഥിക്കുമാത്രം വോട്ടുചെയ്തശേഷം 'എൻഡ് ബട്ടൺ' അമർത്താനും അവസരമുണ്ട്.
  - 2014-ലെ ലോക്സഭാ തിരഞ്ഞെടുപ്പിലാണ് കേരളത്തിൽ ആദ്യമായി നോട്ട വന്നത്.

## Award

- ഫിഫയുടെ പ്രഥമ സമാധാന പുരസ്കാരം നേടിയത്

**ഡൊണാൾഡ് ട്രംപ്**

- ലോക സമാധനത്തിന് ട്രംപ് നൽകിയ മഹത്തായ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം നൽകുന്നത് .
- ഫിഫ പ്രസിഡന്റ് – **ജിയാനി ഇൻഫാന്റിനോ**

## Banking

- റിസർവ് ബാങ്കിന്റെ പുതിയ റിപ്പോ നിരക്ക്

**5.25%**

- റിപ്പോ നിരക്ക് 5.50 ൽ നിന്നും 5.25 ശതമാനമായി കുറച്ചു.
- റിസർവ് ബാങ്ക് ഗവർണർ – **സഞ്ജയ് മൽഹോത്ര**

## National

- 2025-ൽ ഗൂഗിളിൽ ഏറ്റവും കൂടുതൽ സെർച്ച് ചെയ്യപ്പെട്ട ഇന്ത്യൻ

  **വൈഭവ് സൂര്യവംശി**

  - 2025-ൽ ഗൂഗിളിൽ തിരയപ്പെട്ട ഇന്ത്യൻ സിനിമകളുടെ ലിസ്റ്റിൽ ഒന്നാം സ്ഥാനത്ത് എത്തിയ ബോളിവുഡ് ചിത്രം - **സെയ്യാര**

- 23-ാമത് ഇന്ത്യ റഷ്യ വാർഷിക ഉച്ചകോടി 2025-ന്റെ വേദി

  **ഡൽഹി**

  - ഇതിന്റെ ഭാഗമായി പുടിൻ ഇന്ത്യയിലെത്തി
  - 2024-ൽ വേദിയായത് - **മോസ്കോ**

## Defence

- പാക്കിസ്ഥാന്റെ ആദ്യ സംയുക്ത സേന മേധാവി (ചീഫ് ഓഫ് ഡിഫൻസ് ഫോഴ്സസ് )

  **അസിം മുനീർ**

  - ഇന്ത്യയുടെ നിലവിലെ സയുക്ത സേന മേധാവി (CDS) - **അനിൽ ചൗഹാൻ**

## Sports

- 2025 ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് മെഡൽ ടേബിളിൽ ഒന്നാമതെത്തിയത്

  **ചണ്ഡീഗഡ് യൂണിവേഴ്സിറ്റി**

  - രണ്ടാമത് - **ലൗവ്‌ലി പ്രൊഫഷണൽ യൂണിവേഴ്സിറ്റി**
  - മൂന്നാമത് - **ഗുരുനാനാക് ദേവ് യൂണിവേഴ്സിറ്റി**
  - വേദി - **രാജസ്ഥാൻ**
  - ഭാഗ്യ ചിഹ്നം - **Khamma , Ghani** (ഒട്ടകങ്ങൾ )

- 2025-ൽ ക്രിക്കറ്റിലെ എല്ലാ ഫോർമാറ്റിൽ നിന്നും വിരമിച്ച ഇന്ത്യൻ താരം

  **മോഹിത് ശർമ്മ**

## Today's MCQ

1. കർഷക ക്ഷേമം ശക്തിപ്പെടുത്തുന്നതിനായി റൈത്തന്ന മീ കോസം സംരംഭം ആരംഭിച്ച സംസ്ഥാനം

   (a) തെലങ്കാന (b) കർണാടക

   (c) ആന്ധ്രാപ്രദേശ് (d) ഒഡീഷ

2. മൈക്കലാഞ്ചലോ ഡോം എന്ന പേരിൽ എ.ഐ. അധിഷ്ഠിത പ്രതിരോധ കവചം അവതരിപ്പിച്ച രാജ്യം

   (a) ഫ്രാൻസ് (b) ജർമ്മനി

   (c) റഷ്യ (d) ഇറ്റലി

**Ans:** 1. **(c)**, 2. **(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
08-09




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

TALENT PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointment

- ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷന്റെ ചെയർമാൻ

  **അരുൺ കുമാർ സിംഗ്**

  - അദ്ദേഹത്തിന്റെ കാലാവധി ഒരു വർഷത്തെ കൂടി നീട്ടിനൽകി.
  - 2026 ഡിസംബർ 6 വരെയാണ് നീട്ടിയത്

## Kerala

- രാജ്യത്ത് ഒരു കർഷകന്റെ തനത് ഇനമായി രജിസ്റ്റർ ചെയ്യുന്ന ആദ്യ കിഴങ്ങുവർഗം

  **മന്ന**

  - കേരളത്തിൽ പ്രചാരത്തിലുള്ള 22 ഇനം മരച്ചീനികളിൽ നിന്നും ഇത് വ്യത്യസ്തമെന്ന് കേന്ദ്ര കിഴങ്ങു വിള ഗവേഷണ സ്ഥാപനം സാക്ഷ്യപ്പെടുത്തുന്നു.
  - മന്ന എന്ന പേരിൽ പുതിയ ഇനമായി സസ്യ വൈവിദ്ധ്യ സംരക്ഷണ, കർഷക അവകാശ അതോറിട്ടിയിൽ ഈ മരച്ചീനിയെ രജിസ്റ്റർ ചെയ്തു.
  - വിളവിന്റെ സംരക്ഷകൻ എന്ന നിലയിൽ ജോൺസൺ മാത്യുവിന് പേറ്റന്റ് ലഭിച്ചു.

- 30-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ (IFFK) ഉദ്ഘാടന ചിത്രം

  **പാലസ്തീൻ 36**

  - സംവിധാനം - **ആനിമേരി ജാസിർ**
  - 1930 കളിലെ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനും സയണിസത്തിനുമെതിരായ പലസ്തീൻ പ്രക്ഷോഭത്തെ ചുറ്റിപ്പറ്റിയുള്ള സിനിമയാണിത്
  - ടോക്കിയോ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള അവാർഡ് നേടിയ ഈ ചിത്രം 98-ാമത് അക്കാദമി അവാർഡുകളിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിമിനുള്ള പലസ്തീനിന്റെ ഔദ്യോഗിക എൻട്രിയായിരുന്നു.
  - 30-ാമത് ഐഎഫ്എഫ്കെയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിക്കുന്നത് - **Abderrahmane Sissako**
  - 30-ാമത് ഐ.എഫ്.എഫ്.കെ.യുടെ ജൂറി അധ്യക്ഷൻ - **മുഹമ്മദ് റസൂലോഫ്**

## Award

- 2025-ൽ എക്സലൻസ് ഇൻ ഡിജിറ്റൽ ഗവർണൻസ് എന്ന വിഭാഗത്തിൽ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫെർമേഷൻ അവാർഡ് നേടിയ കേരള സർക്കാർ പദ്ധതി

  **ഡിജി കേരള**

  - ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന 19-ാമത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ കോൺക്ലേവ് ആൻഡ് അവാർഡ്സിലാണ് ഈ പുരസ്കാര നേട്ടം

- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ഈ പദ്ധതി വഴി സാധാരണക്കാർക്ക് ഡിജിറ്റൽ സാക്ഷരത നേടുന്നതിനും സർക്കാർ സേവനങ്ങൾ അതിവേഗം ലഭിക്കുന്നതിനും സഹായകമായി.
- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക വിഭാഗമായ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) 'വിദ്യാഭ്യാസ സാങ്കേതിക പരിവർത്തന അവാർഡ്' നേടി.
- കേരളത്തിലെ സ്കൂളുകൾക്കായി കൈറ്റ് വികസിപ്പിച്ചെടുത്ത ഐ.എ അധിഷ്ഠിത സംവിധാനമായ 'സമഗ്ര പ്ലസ് എ.ഐ.' ലേണിംഗ് പ്ലാറ്റ്ഫോമിന് ഈ അംഗീകാരം ലഭിച്ചു.

## National

- ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കാന്റി ലിവർ ഗ്ലാസ് സ്കൈവാക്ക് പാലം ഉദ്ഘാടനം ചെയ്യപ്പെട്ടത്

  **വിശാഖപട്ടണം**

  - ഭൂനിരപ്പിൽ നിന്ന് ഏകദേശം 862 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു

- മുഖ്യമന്ത്രി ഭാരത് ദർശൻ യോജന പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനം

  **ബീഹാർ**

  - സംസ്ഥാന സർക്കാർ സെക്കൻഡറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ 'മുഖ്യമന്ത്രി ഭാരത് ദർശൻ യോജന' പ്രകാരം ഇന്ത്യയിലെ പ്രധാന സ്ഥലങ്ങളിലേക്കും ഗവേഷണ സ്ഥാപനങ്ങളിലേക്കും യാത്ര നടത്തും.
  - സമാനമായ ഒരു പദ്ധതിയായ 'മുഖ്യമന്ത്രി ബിഹാർ ദർശൻ യോജന' സംസ്ഥാനത്ത് ഇതിനകം തന്നെ പ്രവർത്തനക്ഷമമാണ്.
  - ബിഹാർ ദർശൻ യോജന പ്രകാരം, സർക്കാർ നടത്തുന്ന പ്രൈമറി, മിഡിൽ സ്കൂളുകളിലെ കുട്ടികളെ സംസ്ഥാനത്തിനുള്ളിൽ ടൂറുകൾക്ക് അയയ്ക്കുന്നു. പ്രൈമറി, മിഡിൽ സ്കൂളുകളിലെ കുട്ടികൾക്കായി എല്ലാ വർഷവും വിദ്യാഭ്യാസ ടൂറുകൾ നടത്തുന്നു.
  - ബീഹാർ മുഖ്യമന്ത്രി - **നിതീഷ് കുമാർ**

- 2025 ഡിസംബറിൽ നവരത്ന പദവി ലഭിച്ച സ്ഥാപനം

  **നുമലിഗഡ് റിഫൈനറി ലിമിറ്റഡ്** (NRL)

  - ഈ പദവി ലഭിക്കുന്ന 27-ാമത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് നുമലിഗഡ് റിഫൈനറി ലിമിറ്റഡിന്

## Defence

- ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച മൂന്നാമത്തെ ആണവോർജ്ജ ബാലിസ്റ്റിക് മിസൈൽ അന്തർ വാഹിനി

  **INS Aridhaman**

  - വിശാഖപട്ടണത്തെ ഷിപ്പ് ബിൽഡിംഗ് സെന്ററിൽ ആണവ അന്തർവാഹിനികൾ നിർമ്മിക്കുന്ന തിനുള്ള അഡ്വാൻസ്ഡ് ടെക്നോളജി വെസ്സൽ (എ.ടി.വി.) പദ്ധതിയുടെ കീഴിലാണ് ഇത് നിർമ്മിക്കുന്നത്.

## Banking

- അടുത്തിടെ വിദേശ നിക്ഷേപകർക്കായി സെബി അവതരിപ്പിച്ച കുറഞ്ഞ അപകടസാധ്യതയുള്ള ഏകജാലക ആക്സസ് ഫ്രെയിംവർക്

**SWAGAT-FI**

  - SWAGAT-FI - **Single Window Automatic & Generalised Access for Trusted Foreign Investors**

## Sports

- 2025 ഫോർമുല വൺ ലോക ചാമ്പ്യൻ

**ലാൻഡോ നോറിസ്**

  - 2025 അബുദാബി ഗ്രാൻഡ് പ്രീയിൽ ലാൻഡോ നോറിസിന് മൂന്നാം സ്ഥാനം
  - 2025 അബുദാബി ഗ്രാൻഡ് പ്രീയിൽ ജേതാവായത് - **മാക്സ് വെസ്റ്റപ്പൻ**

- 67-ാമത് കേരള സംസ്ഥാന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് 2025-ന്റെ വേദി

**തിരുവനന്തപുരം**

## Demise

- 2025 ഡിസംബറിൽ അന്തരിച്ച പ്രശസ്ത വാസ്തുശില്പി

**ഫ്രാങ്ക് ഗെഹ്റി**

  - 1997-ൽ സ്പെയിനിലെ ബിൽബാവോയിലുള്ള ഗുഗ്ഗൻഹൈം മ്യൂസിയത്തിന്റെ ടൈറ്റാനിയം പൂശിയ രൂപകൽപ്പനയാണ് ഗെഹ്റിയെ പ്രശസ്തിയിലേക്ക് നയിച്ചത്
  - 1989-ൽ വാസ്തുവിദ്യയിലെ ഏറ്റവും ഉയർന്ന അവാർഡായ പ്രിറ്റ്സ്കർ ആർക്കിടെക്ചർ സമ്മാനം ഫ്രാങ്ക് ഗെഹ്റി നേടി.

## Today's MCQ

1. റിസർവ് ബാങ്കിന്റെ പുതിയ റിപ്പോ നിരക്ക്

   (a) 5.25% (b) 6.25%

   (c) 6.50% (d) 5.50%

2. 23-ാമത് ഇന്ത്യ റഷ്യ വാർഷിക ഉച്ചകോടി 2025-ന്റെ വേദി

   (a) ബംഗളൂരു (b) ഡൽഹി

   (c) ചെന്നൈ (d) പൂനെ

**Ans:** 1. **(a),** 2. **(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
10-11



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

TALENT PSC Academy
a Veranda Enterprise
AMMU'S COMPLEX, OPPOSITE ARIES PLEX THEATRE, THIRUVANANTHAPURAM
8590 575 713

## Kerala

- കേരളത്തിലെ ആദ്യത്തെ Gen Z പോസ്റ്റ് ഓഫീസ് ആരംഭിച്ചത്

  **സി.എം.എസ്. കോളേജ്, കോട്ടയം**

  - ഇന്ത്യയിലെ ആദ്യത്തെ Gen Z പോസ്റ്റ് ഓഫീസ് ആരംഭിച്ചത് ഐ.ഐ.ടി. ഡൽഹി (IIT Delhi) ക്യാമ്പസിലാണ്.

## Book and Author

- കലാച്ചി എന്ന നോവൽ രചിച്ചത്

  **കെ. ആർ. മീര**

## Award

- വന്യജീവി സംരക്ഷണം മുൻനിർത്തി ഗ്ലോബൽ ഹ്യൂമൻ സൊസൈറ്റി നൽകുന്ന ഗ്ലോബൽ ഹ്യൂമാനിറ്റേറിയൻ പുരസ്കാരത്തിന് അർഹനായത്

  **ആനന്ദ് അംബാനി**

  - വന്യജീവി സംരക്ഷണരംഗത്ത് അനന്ത് അംബാനി സ്ഥാപിച്ച 'വൻതാര' എന്ന സംരംഭത്തിന്റെ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് അവാർഡ് ലഭിച്ചിരിക്കുന്നത്
  - ഏഷ്യയിൽ നിന്നും ഈ പുരസ്കാരം നേടുന്ന ആദ്യ വ്യക്തിയാണ് ആനന്ദ് .
  - ഗ്ലോബൽ ഹ്യൂമാനിറ്റേറിയൻ പുരസ്കാരം നേടുന്ന ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി കൂടിയാണ്

## National

- രാജ്യത്തിന്റെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ എക്സ്പ്രസ് സർവീസ് നടത്തുന്നത്

  **ഡൽഹി-പാറ്റ്ന**

- The Health Security se National Security Cess Bill, 2025 രാജ്യസഭാ പാസ്സാക്കിയത്

  **2025 ഡിസംബർ 8**

  - ബില്ല് ലോകസഭയിൽ അവതരിപ്പിച്ചത് - **നിർമല സീതാരാമൻ** (2025 ഡിസംബർ 1)
  - 2025 ഡിസംബർ 5 ന് ലോകസഭാ ബില്ല് പാസ്സാക്കി
  - പാൻ മസാല പോലുള്ള ഉൽപ്പന്നങ്ങളുടെയും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത മറ്റ് ഉൽപ്പന്നങ്ങളുടെയും ഉൽപാദനത്തിന് സെസ് ചുമത്താൻ ബിൽ നിർദ്ദേശിക്കുന്നു.
  - സെസ്സിൽ നിന്നുള്ള വരുമാനം പൊതുജനാരോഗ്യത്തിനും ദേശീയ സുരക്ഷയ്ക്കുമുള്ള ചെലവുകൾക്കായി ഉപയോഗിക്കും.

- സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ (SIR) പ്രകാരം വോട്ടർ പട്ടികകളുടെ 100% ഡിജിറ്റൈസേഷൻ നേടിയ ആദ്യ സംസ്ഥാനം

  **രാജസ്ഥാൻ**

- അടുത്തിടെ അനാഥരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിലും ജോലിയിലും 1% സംവരണം അനുവദിച്ച സംസ്ഥാനം

  **മഹാരാഷ്ട്ര**

- അടുത്തിടെ ഓപ്പറേഷൻ മ്യൂൾ ഹണ്ട് ആരംഭിച്ച സംസ്ഥാനം

  **ഗുജറാത്ത്**

  - സംസ്ഥാനത്തുടനീളമുള്ള സൈബർ കുറ്റവാളികളുടെ ശൃംഖലകൾ തകർക്കുന്നതിനായി ആരംഭിച്ചതാണിത്.

## International

- 2025 മനുഷ്യാവകാശ ദിനത്തിന്റെ പ്രമേയം

  **Human Rights, Our Everyday Essentials**

  - മനുഷ്യാവകാശ ദിനം - **ഡിസംബർ 10**

- അടുത്തിടെ ലണ്ടൻ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയ ഇന്ത്യയിൽ നിന്നുള്ള മുഖ്യമന്ത്രി

  **നിതീഷ് കുമാർ**

  - 10 തവണ മുഖ്യമന്ത്രിയായ ആദ്യ ഇന്ത്യൻ എന്ന റെക്കോർഡാണ് സ്വന്തമാക്കിയത്

## Sports

- 2025 കലിംഗ സൂപ്പർകപ്പ് ജേതാക്കൾ

  **F. C. ഗോവ**

  - ഫൈനലിൽ ഈസ്റ്റ് ബംഗാളിനെ പരാജയപ്പെടുത്തി
  - ഗോവയുടെ മൂന്നാമത്തെ കിരീടം

## Today's MCQ

1. രാജ്യത്ത് ഒരു കർഷകന്റെ തനത് ഇനമായി രജിസ്റ്റർ ചെയ്യുന്ന ആദ്യ കിഴങ്ങുവർഗം

   (a) അന്നം (b) രൂപ

   (c) മന്ന (d) കീർത്തി

2. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കാന്റി ലിവർ ഗ്ലാസ് സ്കൈവാക്ക് പാലം ഉദ്ഘാടനം ചെയ്യപ്പെട്ടത്

   (a) വാഗമൺ (b) വിശാഖപട്ടണം

   (c) കന്യാകുമാരി (d) വയനാട്

**Ans:** 1. **(c)**, 2. **(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
12-13




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 12.12.2025 TO 13.12.2025

## Award

- ടൈം സി.ഇ.ഒ. ഓഫ് ദി ഇയർ 2025 ആയി തിരഞ്ഞെടുക്കപ്പെട്ടത്

  **നീൽ മോഹൻ**

  - ഇന്ത്യൻ വംശജനായ യൂട്യൂബ് സി.ഇ.ഒ. നീൽ മോഹനെ ടൈംസിന്റെ 2025 ലെ സി.ഇ.ഒ. ഓഫ് ദി ഇയർ ആയി തിരഞ്ഞെടുത്തു.

- 2025-ലെ യു.എൻ. ചാമ്പ്യൻസ് ഓഫ് ദി എർത്ത് അവാർഡ് നേടിയ ഇന്ത്യക്കാരി

  **സുപ്രിയ സാഹു**

  - തമിഴ്നാട് പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന, വനം വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയാണ് സുപ്രിയ സാഹു
  - Mariam Issoufou, Manfredi Caltagirone, കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പോരാടുന്ന പസഫിക് ദ്വീപ് വിദ്യാർത്ഥികൾ എന്നിവർക്കും Imazon എന്ന സ്ഥാപനത്തിനും 2025-ലെ യു.എൻ. ചാമ്പ്യൻസ് ഓഫ് ദി എർത്ത് അവാർഡ് ലഭിച്ചു.

## National

- PETA ഇന്ത്യയുടെ 2025 ലെ പേഴ്സൺ ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത്

  **രവീണ ടണ്ടൻ**

  - PETA - **People for the Ethical Treatment of Animals**

- ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ ഹൈഡ്രജൻ ഇന്ധന സെൽ പാസഞ്ചർ വെസ്സൽ വ്യാണിജ്യ സേവനം ആരംഭിച്ചത്

  **വാരണാസി**

  - കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ വാരണാസിയിലെ നമോ ഘട്ടിൽ നിന്ന് ഫ്ളാഗ് ഓഫ് ചെയ്തു.
  - വെസ്സൽ വികസിപ്പിച്ചത് - **കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്** (സി.എസ്.എൽ.)

- ഭൂമി സുധാർ സംവാദ് പദ്ധതി ആരംഭിക്കുന്ന സംസ്ഥാനം

  **ബീഹാർ**

  - ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും രേഖകൾ അപ്ഡേറ്റ് ചെയ്യുന്നതിനും ജനങ്ങൾക്ക് അവസരം നൽകുന്നതിനായി 'ഭൂമി സുധാർ സംവാദ്' ആരംഭിക്കുന്നു.

## International

- 2025 അന്താരാഷ്ട്ര പർവത ദിനത്തിന്റെ പ്രമേയം

  **Glaciers matter for water, food and livelihoods in mountains and beyond**

  - അന്താരാഷ്ട്ര പർവത ദിനം - **ഡിസംബർ 11**

- 2025 ഡിസംബറിൽ യുനെസ്കോയുടെ ഇന്റാജിബിൾ കൾച്ചറൽ ഹെറിറ്റേജ് ഓഫ് ഹ്യൂമാനിറ്റി ലിസ്റ്റിൽ ഇടം നേടിയ ഇന്ത്യൻ ഉത്സവം

**ദീപാവലി**

  - ഗുജറാത്തിലെ ഗർബ (2023), കൊൽക്കത്തയിലെ ദുർഗാ പൂജ (2021) എന്നിവയും ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്.
  - മുടിയേറ്റ് (കേരളം) (2010), കൂടിയാട്ടം (സംസ്കൃത നാടകം) (2008) എന്നിവ കേരളത്തിൽ നിന്ന് ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്.

- ലോകത്തിലെ ഏറ്റവും വലിയ റീട്ടെയിൽ ഫാസ്റ്റ്പേയ്മെന്റ് സിസ്റ്റം

**UPI**

  - UPI - **Unified Payments Interface**
  - ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിന്റെ റിപ്പോർട്ട് അനുസരിച്ച ട്രാൻസാക്ഷൻ അടിസ്ഥാന ത്തിലാണ് UPI ലോകത്തിലെ ഏറ്റവും വലിയ റീട്ടെയിൽ ഫാസ്റ്റ്പേയ്മെന്റ് സിസ്റ്റം എന്ന നേട്ടം കൈവരിച്ചത്
  - UPI ആരംഭിച്ചത് - **2016**

- അടുത്തിടെ എക്സിന് 12 കോടി യൂറോ പിഴയേർപ്പെടുത്തിയ സംഘടന

**യൂറോപ്യൻ യൂണിയൻ**

  - ഡിജിറ്റൽ ചട്ടങ്ങൾ ലംഘിച്ചു എന്നുചൂണ്ടിക്കാട്ടി ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സാമൂഹികമാധ്യമമായ എക്സിന് യൂറോപ്യൻ യൂണിയൻ പിഴയേർപ്പെടുത്തിയത്
  - യൂറോപ്യൻ കമ്മിഷൻ പുതുതായി കൊണ്ടുവന്ന ഡിജിറ്റൽ സേവന നിയമ (ഡി.എസ്.എ.) പ്രകാരമുള്ള ആദ്യ പിഴശിക്ഷയാണിത്.

- 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ നിരോധിക്കുന്ന ആദ്യ രാജ്യം

**ഓസ്ട്രേലിയ**

  - ഇതോടെ ടിക് ടോക്ക്, ആൽഫബെറ്റിന്റെ യൂട്യൂബ്, മെറ്റയുടെ ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് എന്നിവയുൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകളിലേക്കുള്ള ആക്സസ് 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നിരോധിച്ചു.

- 2025 ഡിസംബറിൽ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ച റഷ്യൻ സർക്കാരിന്റെ ഔദ്യോഗിക ടി.വി ചാനൽ

**Russia Today (RT)**

  - റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിന്റെ ഇന്ത്യാ സന്ദർശനവേളയിൽ, ന്യൂഡൽഹിയിൽ വെച്ച് 'RT India' ചാനലിന്റെ സംപ്രേഷണം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.
  - ഉക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പാശ്ചാത്യ രാജ്യങ്ങളിൽ RT-ക്ക് വിലക്കുകളുണ്ട്.

## Sports

- FIH പുരുഷ ജൂനിയർ ഹോക്കി ലോകകപ്പ് 2025 ജേതാക്കൾ

  **ജർമ്മനി**

  - റണ്ണറപ്പ് - **സ്പെയിൻ**
  - ഇന്ത്യക്ക് വെങ്കലം
  - വേദി - **തമിഴ്നാട്**

## Demise

- 2025 ഡിസംബറിൽ അന്തരിച്ച പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരി

  **സോഫി കിൻസെല്ല**

  - പ്രധാന രചനകൾ - **Confessions of a Shopaholic , Remember Me?,The Undomestic Goddess,Twenties Girl, I've Got Your Number , Can You Keep a Secret?**

### Today's MCQ

1. അടുത്തിടെ ലണ്ടൻ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയ ഇന്ത്യയിൽ നിന്നുള്ള മുഖ്യമന്ത്രി

   (a) ചന്ദ്രബാബു നായിഡു (b) നിതീഷ് കുമാർ

   (c) മമത ബാനർജി (d) സിദ്ധരാമയ്യ

2. കലാച്ചി എന്ന നോവൽ രചിച്ചത്

   (a) ഹരീഷ് (b) അഖിൽ പി. ധർമ്മജൻ

   (c) ഷീജ വക്കം (d) കെ. ആർ. മീര

**Ans:** 1. **(b)**, 2. **(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

DECEMBER
14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

# DAILY CURRENT AFFAIRS
# STUDY NOTES 14.12.2025

## Appointment

- 2025 ഡിസംബറിൽ ചെക്ക് റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രിയായി നിയമിതനായത്

  **Andrej Babis**

  - 2017- 2021 കാലഘട്ടത്തിലും പ്രധാനമന്ത്രിയായിരുന്നു

- ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസിന്റെ പുതിയ ബ്രാൻഡ് അംബാസഡർ

  **സച്ചിൻ ടെണ്ടുൽക്കർ**

## Award

- 2025-ൽ ഗെഡ്സ് ഗാവൽ അവാർഡ് ലഭിച്ചത്

  **പ്രതീക് റോയ്**

  - ഓസ്ട്രേലിയൻ ഡിഫൻസ് കോളേജിലെ ഡിഫൻസ് സ്ട്രാറ്റജിക് ആൻഡ് സ്റ്റഡീസ് കോഴ്സ് പൂർത്തിയാക്കിയതിന് ഇന്ത്യൻ ആർമിയിലെ കേണൽ പ്രതീക് റോയിക്ക് ഗെഡ്സ് ഗാവൽ അവാർഡ് ലഭിച്ചു

- അഞ്ചാമത് റെഡ് സീ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ഗ്ലോബ് ഹൊറൈസൺ അവാർഡ് ലഭിച്ച നടി

  **ആലിയ ഭട്ട്**

## National

- 2025-ലെ ഇന്ത്യ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവലിന്റെ വേദി

  **പഞ്ച്കുല** (ഹരിയാന)

- തൊഴിലുറപ്പുപദ്ധതിക്ക് നൽകുന്ന പുതിയ പേര്

  **പൂജ്യ ബാപ്പു ഗ്രാമീൺ റോസ്ഗർ യോജന**

  - Mahatma Gandhi National Rural Employment Guarantee Act എന്നുള്ള പേരാണ് മാറ്റുന്നത്
  - 2005-ലാണ് തൊഴിലുറപ്പു പദ്ധതി ആരംഭിച്ചത്

## International

- ഗർഭനിരോധന മരുന്നുകൾക്കും ഗർഭനിരോധന ഉൽപ്പന്നങ്ങൾക്കും മൂല്യവർധിത നികുതി ഏർപ്പെടുത്താൻ തീരുമാനിച്ച രാജ്യം

  **ചൈന**

  - 2026 ജനുവരി 1 മുതൽ ഗർഭനിരോധന മരുന്നുകൾക്കും കോണ്ടം ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്കും 13% മൂല്യവർധിത നികുതി ഏർപ്പെടുത്തും.
  - സമീപ വർഷങ്ങളിൽ രാജ്യത്തിന്റെ ജനനനിരക്ക് കുറഞ്ഞതിനാൽ , വിവിധ പ്രോത്സാഹനങ്ങളും സബ്സിഡികളും നൽകി ജനനനിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

- ടൈം 2025 പേഴ്സൺ ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത്

**Architects of AI**

  - ജെൻസൻ ഹ്വാങ് (എൻ.വി.ഐ.ഡി. ഐ.എ.), സാം ഓൾട്മാൻ (ഓപ്പൺ ഐ.എ.), ഇലോൺ മസ്ക് (എക്സ് ഐ.എ.), ലിസ സു (AMD ന്റെ സി.ഇ.ഒ.), ഡെമിസ് ഹസാബിസ് (ഡീപ് മൈൻഡ് ടെക്നോളജീസിന്റെ സി.ഇ.ഒ), ഡാരിയോ അമോഡെയ് (ആന്ത്രോപിക് സി.ഇ.ഒ.), മാർക്ക് സുക്കർബെർഗ് (മെറ്റയുടെ സി.ഇ.ഒ.), Fei-Fei Li (AI യുടെ ഗോഡ് മദർ) എന്നിവരാണ് ഇതിൽ ഉൾപ്പെടുന്നത്.

## Sports

- സ്ക്വാഷ് ലോകകപ്പ് 2025-ന്റെ വേദി

**ഇന്ത്യ**

  - തുടർച്ചയായി മൂന്നാം തവണയാണ് ഇന്ത്യ വേദി ആകുന്നത്

- അടുത്തിടെ വിരമിക്കൽ തീരുമാനം പിൻവലിച്ച ഇന്ത്യൻ ഗുസ്തി താരം

**വിനേഷ് ഫോഗട്ട്**

  - 2024 ഒളിമ്പിക് വനിതാ ഗുസ്തിയിൽ 50 kg വിഭാഗത്തിൽ ഫൈനലിൽ എത്തുകയും ശരീരഭാരം 100 gm കൂടിയതിനെത്തുടർന്ന് അയോഗ്യരാക്കപ്പെടുകയും ചെയ്തു.
  - വിനേഷ് ഫോഗട്ടിന് 2020-ൽ ഖേൽരത്നയും 2016-ൽ അർജുന അവാർഡും ലഭിച്ചിരുന്നു. എന്നാൽ 2023-ൽ ഇവ രണ്ടും കർത്തവ്യപഥിൽ ഉപേക്ഷിച്ചു.

## Today's MCQ

1. താഴെ പറയുന്നവരിൽ 2025-ലെ യു.എൻ. ചാമ്പ്യൻസ് ഓഫ് ദി എർത്ത് അവാർഡ് നേടിയതാര് ?

   (a) രവീണ ടണ്ടൻ  (b) സ്നേഹ ഷാഹി

   (c) ആനന്ദ് അംബാനി  (d) സുപ്രിയ സാഹു

2. ഭൂമി സുധാർ സംവാദ് പദ്ധതി ആരംഭിക്കുന്ന സംസ്ഥാനം

   (a) ബീഹാർ  (b) ഒഡീഷ

   (c) തെലങ്കാന  (d) മഹാരാഷ്ട്ര

**Ans:** 1. **(d),** 2. **(a)**

TALENT PSC Academy a Veranda Enterprise

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
15-16





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW



veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 15.12.2025 TO 16.12.2025

## Appointment

- 2025 ഡിസംബറിൽ കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറായി തിരഞ്ഞെടുക്കപ്പെട്ടത്

  **രാജ് കുമാർ ഗോയൽ**

  - കേന്ദ്ര വിവരാവകാശ കമ്മീഷണറായി നിയമിതനാകുന്ന ആദ്യ മലയാളി - **പി.ആർ. രമേശ്**
- അടുത്തിടെ ഐക്യരാഷ്ട്രസഭയുടെ ഇന്ത്യയിലെ റസിഡന്റ് കോർഡിനേറ്ററായി നിയമിതാനായത്

  **Stefan Priesner**

## National

- രാജ്യത്തെ ആദ്യത്തെ പവർ മ്യൂസിയം നിലവിൽ വരുന്നത്

  **പാട്ന** (ബീഹാർ)

  - കർബിഗാഹിയ താപവൈദ്യുത നിലയത്തിലാണ് മ്യൂസിയം വികസിപ്പിക്കുന്നത്
- അടുത്തിടെ ഫുട്ബോൾ ഇതിഹാസം മെസ്സിയുടെ പ്രതിമ അനാച്ഛാദനം ചെയ്തത്

  **കൊൽക്കത്ത**

  - GOAT India Tour 2025 എന്ന പേരിൽ മെസ്സി ഇന്ത്യയിൽ പര്യടനം നടത്തി
- 2025 ഡിസംബറിൽ റംസാർ സൈറ്റിൽ ഉൾപ്പെട്ട ഇന്ത്യയിൽ നിന്നുള്ള പ്രദേശങ്ങൾ

  **സിലിസെർ തടാകം** (രാജസ്ഥാനിലെ അൽവാർ )

  **കൊപ്ര റിസർവോയർ** (ഛത്തീസ്ഗഢിലെ ബിലാസ്പൂർ )

  - ഇതോടെ ഇന്ത്യയിൽ നിന്ന് 96 പ്രദേശങ്ങൾ റംസാൻ സൈറ്റിൽ ഉൾപ്പെട്ടു
- ദേശീയ മഖാന ബോർഡിന്റെ ആദ്യ യോഗത്തിന്റെ വേദി

  **ന്യൂഡൽഹി**

  - ആസ്ഥാനം - **ബീഹാർ**
  - 2025-26 യൂണിയൻ ബഡ്ജറ്റിലാണ് ദേശീയ മഖാന ബോർഡ് പ്രഖ്യാപിച്ചത്
- അടുത്തിടെ GI ടാഗ് ലഭിച്ച അരുണാചൽ പ്രദേശിൽ നിന്നുള്ള ഉത്പന്നം

  **Dao**

  - അരുണാചൽ പ്രദേശിലെ ഗോത്ര സമൂഹങ്ങൾ പരമ്പരാഗതമായി കൈകൊണ്ട് നിർമ്മിക്കുന്ന കത്തിയാണിത്

## International

- G7 നു ബദലായി ട്രംപ് രൂപീകരിക്കാൻ ഒരുങ്ങുന്ന സംഘടന

  **CORE 5**

  - യുഎസ്, റഷ്യ, ചൈന, ഇന്ത്യ, ജപ്പാൻ എന്നീ അഞ്ച് രാഷ്ട്രങ്ങളെ ഉൾപ്പെടുത്തി കോർ 5 രൂപീകരിക്കാനാണ് ശ്രമിക്കുന്നത്

◆ ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ പൂർണ്ണമായും ഡ്രൈവറില്ലാ ട്രെയിൻ ശൃംഖല

**റിയാദ് മെട്രോ**

❖ 176 കിലോമീറ്റർ (109 മൈൽ) നീളമുള്ള റിയാദ് മെട്രോയെ ഏറ്റവും ദൈർഘ്യമേറിയ ഡ്രൈവറില്ലാ മെട്രോ ശൃംഖലയായി ഗിന്നസ് വേൾഡ് റെക്കോർഡ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## Defence

◆ അടുത്തിടെ കുവൈറ്റ് സന്ദർശിച്ച ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഷിപ്പ്

**ICGS Sarthak**

❖ ഇന്ത്യ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ഓഫ്ഷോർ പട്രോൾ വെസ്സൽലാണിത്

## Today's MCQ

1. ഗർഭനിരോധന മരുന്നുകൾക്കും ഗർഭനിരോധന ഉൽപ്പന്നങ്ങൾക്കും മൂല്യവർധിത നികുതി ഏർപ്പെടുത്താൻ തീരുമാനിച്ച രാജ്യം

(a) ആസ്ട്രേലിയ (b) ഫ്രാൻസ്

(c) ചൈന (d) റഷ്യ

2. സ്ക്വാഷ് ലോകകപ്പ് 2025-ന്റെ വേദി

(a) ജപ്പാൻ (b) ഇന്ത്യ

(c) മലേഷ്യ (d) ചൈന

**Ans:** 1. **(c),** 2. **(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
17-18




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 17.12.2025 TO 18.12.2025

## Award

- **FIFA BEST AWARD 2025**
  - മികച്ച പുരുഷ താരം – **Ousmane Dembele**
  - മികച്ച വനിത താരം – **Aitana Bonmati**
  - മികച്ച പുരുഷ കോച്ച് – **Luis Enrique**
  - മികച്ച വനിത കോച്ച് – **Sarina Wiegman**
  - മികച്ച പുരുഷ ഗോൾ കീപ്പർ – **Gianluigi Donnarumma**
  - മികച്ച വനിത ഗോൾ കീപ്പർ – **Hannah Hampton**
  - Puskas Award (ഒരു പുരുഷ താരത്തിന്റെ മികച്ച ഗോളിന്) – **Santiago Montiel**
  - Marta Award (ഒരു വനിതതാരത്തിന്റെ മികച്ച ഗോളിന്) – **Lizbeth Ovalle**

## National

- വന്യജീവി സംരക്ഷണാർഥം ഇന്ത്യയിലെ ആദ്യത്തെ ടേബിൾ ടോപ്പ് റെഡ് മാർക്കിംഗ് റോഡ് നിലവിൽ വന്ന സംസ്ഥാനം

  **മധ്യപ്രദേശ്**

  - ഇന്ത്യയിൽ ആദ്യമായി വന്യജീവികളുടെ സുരക്ഷ കണക്കിലെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) മധ്യപ്രദേശിൽ 'ടേബിൾ ടോപ്പ് റെഡ് മാർക്കിംഗ്' സംവിധാനം നടപ്പിലാക്കി.
  - മധ്യപ്രദേശിലെ വീരാംഗന ദുർഗാവതി ടൈഗർ റിസർവിലൂടെ കടന്നുപോകുന്ന ഭോപ്പാൽ ജബൽപൂർ ദേശീയ പാതയിലാണ് (NH-45) പുതിയ സംവിധാനം അവതരിപ്പിച്ചത്
  - ദുബായിലെ ഷെയ്ഖ് സായിദ് റോഡിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഇത് നടപ്പിലാക്കിയത്.

- ഭാരത് രൺഭൂമി ദർശൻ പദ്ധതിയുടെ ഭാഗമായി വിനോദസഞ്ചാരത്തിനായി അടുത്തിടെ തുറന്നു കൊടുത്ത സിക്കിമിലെ ചരിത്രപ്രധാനമായ ചുരങ്ങൾ

  **ചോ ലാ, ഡോക് ലാ (Cho La, Dok La)**

  - സിക്കിമിലെ ചൈനീസ് അതിർത്തിയിലുള്ള ചുരങ്ങളാണിവ
  - ഭാരത് രൺഭൂമി ദർശൻ പൗരന്മാർക്ക് ഐതിഹാസികമായ യുദ്ധമേഖലകളും സൈനിക പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കാൻ അവസരമൊരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.
  - കേന്ദ്ര ടൂറിസം മന്ത്രാലയവും ആർമി അഡ്വഞ്ചർ വിംഗും ചേർന്നാണ് ഇത് നടപ്പിലാക്കുന്നത്.

- 98-ാമത് അക്കാദമി അവാർഡിൽ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിം വിഭാഗത്തിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഇന്ത്യൻ ചിത്രം

  **ഹോംബൗണ്ട്** (സംവിധാനം - **നീരജ് ഗയ്വാൻ**)

## International

- 2025 ഡിസംബറിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിക്കുന്ന രാജ്യങ്ങൾ

**ജോർദാൻ, എത്യോപ്യ, ഒമാൻ**

## Sports

- **ഐ. പി. എൽ. മിനി താരലേലം**
  - വേദി - **അബുദാബി**
  - ലേലം നടത്തിയത് (Auctioneer) - **മല്ലിക സാഗർ**
  - ലേലത്തിലെ ഏറ്റവും വിലയേറിയ താരം - **കാമറൂൺ ഗ്രീൻ** (25.20 കോടി രൂപയ്ക്കാണ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സസ് സ്വന്തമാക്കി).
  - ഐ. പി. എൽ. ലേലത്തിൽ ഒരു വിദേശതാരത്തിന് ലഭിക്കുന്ന ഉയർന്ന തുകയെന്ന റെക്കോഡും ഗ്രീൻ സ്വന്തമായി. (ഓസീസ് പേസർ മിച്ചൽ സ്റ്റാർക്കിനെ 24.75 കോടി രൂപയ്ക്ക് കൊൽക്കത്ത വാങ്ങിയ റെക്കോഡാണ് മറികടന്നത്)
  - ഐ.പി.എൽ. ക്രിക്കറ്റ് താരലേലചരിത്രത്തിൽ അൺക്യാപ്ഡ് (ദേശീയ ടീമിനായി കളിക്കാത്ത) കളിക്കാരന് ലഭിക്കുന്ന റെക്കോഡ് തുകയാണ് യു.പി.യിൽ നിന്നുള്ള ഓൾ റൗണ്ടർ പ്രശാന്ത് വീറിനും രാജസ്ഥാൻ വിക്കറ്റ് കീപ്പർ കാർത്തിക് ശർമയ്ക്കും ലഭിച്ചത്. (ഇരുവരേയും ചെന്നൈ സൂപ്പർ കിങ്സ് 14.20 കോടി രൂപയ്ക്കാണ് സ്വന്തമാക്കിയത്)
  - മലയാളിയായ വിഘ്നേശ് പുത്തൂരിനെ രാജസ്ഥാൻ റോയൽസ് സ്വന്തമാക്കി
  - ലേലത്തിൽ ഉൾപ്പെട്ട ഏറ്റവും പ്രായം കൂടിയ താരം - **ജലജ് സക്സേന**
  - ലേലത്തിൽ ഉൾപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ താരം - **Wahidullah Zadran**
- 2025 സ്ക്വാഷ് ലോകകപ്പ് ജേതാക്കൾ

**ഇന്ത്യ**

  - ഇന്ത്യയുടെ ആദ്യ കിരീടം
  - ഹോങ്കോങ്ങിനെ പരാജയപ്പെടുത്തി
  - വേദി - **ചെന്നൈ**
  - 2023 ലോകകപ്പിൽ ഇന്ത്യ വെങ്കലം നേടിയിരുന്നു
  - 2028 ഒളിംപിക്സിൽ സ്ക്വാഷ് ഉൾപ്പെടുത്തിയിട്ടുണ്ട്
- 2026-ൽ നടക്കാനിരിക്കുന്ന പ്രഥമ കോമൺവെൽത്ത് ഖോഖോ ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം

**ഇന്ത്യ**

  - ചരിത്രത്തിലെ ആദ്യ ഖോ ഖോ ലോകകപ്പ് നടന്നത് 2025 ജനുവരിയിൽ ഇന്ത്യയിൽ (ന്യൂഡൽഹി) വെച്ചായിരുന്നു.
  - പ്രഥമ ലോകകപ്പിൽ പുരുഷ വനിതാ വിഭാഗങ്ങളിൽ ഇന്ത്യയാണ് കിരീടം ചൂടിയത്.

◆ യൂത്ത് ഏകദിനത്തിൽ ഇരട്ട സെഞ്ചുറി നേടുന്ന ആദ്യ ഇന്ത്യൻതാരം

**അഭിഗ്യാൻ കുൺഡു**

**Today's MCQ**

1. 2025 ഡിസംബറിൽ കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറായി തിരഞ്ഞെടുക്കപ്പെട്ടത്

    (a) രാജ് കുമാർ ഗോയൽ　　(b) പ്രിയങ്ക് കനൂങ്കോ

    (c) പി.ആർ. രമേശ്　　(d) വി. രാമസുബ്രഹ്മണ്യൻ

2. രാജ്യത്തെ ആദ്യത്തെ പവർ മ്യൂസിയം നിലവിൽ വരുന്നത്

    (a) ജയ്പൂർ　　(b) ഭോപ്പാൽ

    (c) പാട്ന　　(d) വാരണാസി

**Ans:** 1. **(a),** 2. **(c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
19



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 19.12.2025

## Appointment

- 2025 ഡിസംബറിൽ കേരള സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറായി നിയമിതയായത്

  **സിസ തോമസ്**

  - ഡിജിറ്റൽ സർവകലാശാലയുടെ വൈസ് ചാൻസലർ - **സജി ഗോപിനാഥ്**
  - രണ്ട് വൈസ് ചാൻസലർമാരുടെയും കാലാവധി നാല് വർഷമായിരിക്കും.

## Kerala

- ട്രാവൽ പ്ലസ് ലെഷർ ഇന്ത്യയുടെ 2025 ലെ ബെസ്റ്റ് അവാർഡ് പട്ടികയിൽ മികച്ച വെൽനെസ് ഡെസ്റ്റിനേഷനായി തിരഞ്ഞെടുക്കപ്പെട്ടത്

  **കേരളം**

  - യാത്ര, ലൈഫ്സ്റ്റൈൽ, ഹോസ്പിറ്റാലിറ്റി മേഖലകളിലെ മികവിനെ ആദരിക്കുന്നതിനായി വായനക്കാരുടെ വോട്ടിംഗിന്റെ അടിസ്ഥാനത്തിലാണ് ട്രാവൽ പ്ലസ് ലെഷർ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ വിജയികളെ തിരഞ്ഞെടുക്കുന്നത്.

- നബാർഡിന്റെ നിയന്ത്രണത്തിൽ കേന്ദ്രസർക്കാർ നടപ്പാക്കിയ സഹകാർ സാരഥിയിൽ അടുത്തിടെ അംഗമായ ബാങ്ക്

  **കേരളാ ബാങ്ക്**

  - ഗ്രാമീണ-സഹകരണ ബാങ്കിങ് മേഖലയിലെ സാങ്കേതിക സംവിധാനങ്ങളും സേവനങ്ങളും ഉറപ്പാക്കാനുള്ള സ്ഥാപനമാണ് സഹകാർ സാരഥി.
  - ഗ്രാമീണ-സഹകരണ ബാങ്കുകളുടെ ഉയർന്നുവരുന്ന സാങ്കേതിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൊതുസ്ഥാപനമെന്ന നിലയിലാണ് നബാർഡിന്റെ നേതൃത്വത്തിൽ 'സഹകാർ സാരഥി' സ്ഥാപിച്ചത്.
  - ഇതിൽ കേരളാ ബാങ്ക് അംഗമാകുന്നതോടെ യു.പി.ഐ. പേയ്മെന്റ്, ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനം, ഫിനാൻഷ്യൽ ടെക്നോളജി, അഗ്രി ടെക് എന്നിവയെല്ലാം ലഭ്യമാകും.

## National

- ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ (IMA) നിന്ന് ബിരുദം നേടിയ ആദ്യ വനിതാ ഓഫീസർ

  **സായ് ജാദവ്**

  - 1932-ൽ അക്കാദമി ആരംഭിച്ച് ആദ്യമായാണ് ഒരു വനിത പരിശീലനം നേടുന്നത്
  - ടെറിട്ടോറിയൽ ആർമിയിൽ ലെഫ്റ്റനന്റായാണ് സായിയെ കമ്മിഷൻ ചെയ്തിരിക്കുന്നത്

- മധ്യപ്രദേശിലെ മൂന്നാമത്തെ ചീറ്റ സംരക്ഷണ സങ്കേതമായി വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയ ടൈഗർ റിസർവ്

**വീരാംഗന ദുർഗാവതി ടൈഗർ റിസർവ്**

  - മധ്യപ്രദേശിൽ നിലവിലുള്ള ചീറ്റ സങ്കേതങ്ങൾ

**കുനോ നാഷണൽ പാർക്ക്, ഗാന്ധി സാഗർ വന്യജീവി സങ്കേതം**

  - ബോട്സ്വാനയിൽ നിന്നുള്ള എട്ട് ചീറ്റകൾ 2026 ജനുവരിയിൽ കുനോയിൽ എത്തും

- SHANTI ബിൽ 2025 ലോക്സഭ പാസാക്കിയത്

**2025 ഡിസംബർ 17**

  - The Sustainable Harnessing and Advancement of Nuclear Energy for Transforming India Bill, 2025 (SHANTI 2025) ലോക്സഭയിൽ അവതരിപ്പിച്ചത് - **2025 ഡിസംബർ 15**
  - ഇന്ത്യയിലെ ആണവോർജ ഉത്പാദനരംഗത്തേക്ക് സ്വകാര്യകമ്പനികൾക്കും അനുമതി നൽകുന്ന ബില്ലാണിത്.
  - ബിൽ അവതരിപ്പിച്ചത് - **ജിതേന്ദ്ര സിംഗ്** (ശാസ്ത്ര സാങ്കേതിക സഹമന്ത്രി)

- രാജ്യത്തെ ആദ്യ ഇലക്ട്രിക് ട്രക്ക് ഇടനാഴി നിലവിൽ വരുന്നത്

**കേരളം**

  - ദേശീയപാത 66 ൽ പി.എം ഇ-ഡ്രൈവ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഏജൻസികളുടെ ഏകോപനത്തോടെയാണ് ഇത് നടപ്പാക്കുന്നത്.

- മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് ഇന്ധനം നൽകരുത് എന്ന തീരുമാനമെടുത്ത സർക്കാർ

**ഡൽഹി സർക്കാർ**

  - നഗരത്തിന് പുറത്ത് നിന്നുള്ള BSVI സ്റ്റാൻഡേർഡിന് താഴെയുള്ള വാഹനങ്ങൾക്ക് പ്രവേശനം നിയന്ത്രിക്കുകയും ചെയ്യും.
  - വായു മലിനീകരണം നിയന്ത്രിക്കാനാണ് ഡൽഹി സർക്കാർ കർശന നടപടികൾ പ്രഖ്യാപിച്ചത്

- അടുത്തിടെ GI ടാഗ് ലഭിച്ച ആന്ധ്രാപ്രദേശിൽ നിന്നുള്ള ഉൽപ്പന്നം

**പൊണ്ടുരു ഖാദി**

  - ശ്രീകാകുളം ജില്ലയിലെ ഒരു ഗ്രാമമായ പൊണ്ടുരു, ഖാദിക്ക് പേരുകേട്ടതാണ്

## International

- ലോകത്തിലെ ഏറ്റവും ചെറിയ പേഴ്സണൽ ഐ.എ സൂപ്പർ കമ്പ്യൂട്ടർ പുറത്തിറക്കിയത്

**ടിനി എ.ഐ.**

  - 2025 അന്താരാഷ്ട്ര കുടിയേറ്റ ദിനത്തിന്റെ പ്രമേയം

**My Great Story: Cultures and Development**

  - അന്താരാഷ്ട്ര കുടിയേറ്റ ദിനം - **ഡിസംബർ 18**

- സർക്കാർ ജീവനക്കാർക്ക് സുരക്ഷിതമായി സന്ദേശമയക്കുന്നതിനായി അടുത്തിടെ ബീപ്പ് എന്ന ആപ്പ് വികസിപ്പിച്ച രാജ്യം

**പാകിസ്ഥാൻ**

  - ചൈനീസ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ വി ചാറ്റിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ ആപ്പ് രൂപീകരിച്ചിരിക്കുന്നത്.

## Today's MCQ

1. വന്യജീവി സംരക്ഷണാർഥം ഇന്ത്യയിലെ ആദ്യത്തെ ടേബിൾ ടോപ്പ് റെഡ് മാർക്കിംഗ് റോഡ് നിലവിൽ വന്ന സംസ്ഥാനം

   (a) മധ്യപ്രദേശ് (b) ആന്ധ്രാപ്രദേശ്

   (c) മഹാരാഷ്ട്ര (d) തമിഴ്നാട്

2. 2025ഡിസംബറിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിക്കുന്ന രാജ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

   (a) ജോർദാൻ (b) എത്യോപ്യ

   (c) ഒമാൻ (d) ബോട്സ്വാന

**Ans:** 1. **(a),** 2. **(d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
20



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 20.12.2025

## Appointment

- സൗമെൻ സെന്നിനെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിക്കാൻ സുപ്രീംകോടതി കൊളീജിയം കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തു
  - നിലവിൽ മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസ്
  - നിലവിലെ ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംധർ 2026 ജനുവരിയിൽ വിരമിക്കുന്നതിനെ തുടർന്നാണിത്
  - കേരള ഹൈക്കോടതി ജഡ്ജി മുഹമ്മദ് മുഷ്താഖ് സിക്കിം ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയി ഉയർത്താനും സുപ്രീം കോടതി കൊളീജിയം ശുപാർശ ചെയ്തു

## Award

- **2025 ഡിസംബറിൽ മോദിക്ക് കിട്ടിയ ബഹുമതികൾ**

**ഓർഡർ ഓഫ് ഒമാൻ** (ഒമാന്റെ പരമോന്നത ബഹുമതി)

- ഒമാൻ ഭരണാധികാരി സുൽത്താൻ ഹൈതം ബിൻ താരിഖ് സമ്മാനിച്ചു.

**ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ** (എത്യോപ്യയുടെ പരമോന്നത ബഹുമതി)

- എത്യോപിയയുടെ പ്രധാനമന്ത്രി അബി അഹമ്മദ് അലി സമ്മാനിച്ചു.
- ആഗോളതലത്തിൽ ഈ അവാർഡ് ലഭിക്കുന്ന ആദ്യത്തെ രാഷ്ട്രത്തലവനാണ് മോദി

## National

- 2025 ഡിസംബറിൽ പാകിസ്ഥാനിൽ വിലക്കേർപ്പെടുത്തപ്പെട്ട ബോളിവുഡ് ചലച്ചിത്രം

**ധുരന്ധർ**

- വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) (VB-G RAM-G)
  - ബില്ല് അവതരിപ്പിച്ചത് - **2025 ഡിസംബർ 16** (കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രി ശിവരാജ് സിങ് ചൗഹാനാണ് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്)
  - 2025 ഡിസംബർ 18 ന് ബില്ല് ലോക്സഭയും, രാജ്യസഭയും പാസ്സാക്കി.
  - ഒരു വർഷം 100 തൊഴിൽദിനങ്ങൾ എന്നത് 125 ആക്കി.
  - സംസ്ഥാനങ്ങൾ 10 ശതമാനം വിഹിതം വഹിച്ചിരുന്നത് 40 ശതമാനമായി.
  - വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഉത്തരാഖണ്ഡിലും ഹിമാചൽപ്രദേശിലും ജമ്മുകശ്മീരിലും 90 ശതമാനം നിലനിർത്തി.

- ഇന്ത്യയും ജോർദാനും ഇരട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി സംരക്ഷിക്കാനും വികസിപ്പിക്കാനും ധാരണയിലെത്തിയ യുനെസ്കോ ലോക പൈതൃക കേന്ദ്രങ്ങൾ

**എല്ലോറ ഗുഹകൾ, പെട്ര**

  - മഹാരാഷ്ട്രയിലെ ഔറംഗാബാദിൽ സ്ഥിതി ചെയ്യുന്ന ഹിന്ദു, ബുദ്ധ, ജൈന ക്ഷേത്ര സമുച്ചയമായ എല്ലോറ ഗുഹകൾ എ.ഡി 611 കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ടതാണ്.
  - ചൈന, ഈജിപ്ത്, ഗ്രീസ്, ഇന്ത്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള സുഗന്ധവ്യഞ്ജന വ്യാപാരത്തിന്റെ കേന്ദ്രമായിരുന്ന പെട്ര തെക്കുപടിഞ്ഞാറൻ ജോർദ്ദാനിലെ ചെങ്കടലിനും ചാവുകടലിനും ഇടയിൽ സ്ഥിതി ചെയ്യുന്നു.

## International

- തായ്‌ലൻഡും കംബോഡിയയും തമ്മിലുള്ള അതിർത്തി സംഘർഷങ്ങളിൽ കേടുപാടുകൾ സംഭവിച്ച ചരിത്ര സ്മാരകം

**പ്രീഹ് വിഹാർ ക്ഷേത്ര സമുച്ചയം**

  - ഹിന്ദു ദൈവമായ ശിവനാണ് മുഖ്യ പ്രതിഷ്ഠ.
  - തായ്‌ലൻഡും കംബോഡിയയും ഈ ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശത്തിനായി പതിറ്റാണ്ടുകളായി തർക്കങ്ങൾ തുടരുകയാണ്.
  - 2008-ൽ യുനെസ്കോ ഈ ക്ഷേത്രത്തെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു.

## Sports

- **മോഹൻ ബഗാന് എ.എഫ്.സി. വിലക്ക്**
  - ഇറാനിൽ നടന്ന എ.എഫ്.സി. ചാമ്പ്യൻസ് ലീഗ് മത്സരം ബഹിഷ്ക്കരിച്ചതിനെത്തുടർന്ന്, കൊൽക്കത്ത ഫുട്ബോൾ ക്ലബ്ബായ മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിന് വിലക്ക്.
  - 2027-28 സീസൺ വരെ ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ (എ.എഫ്.സി.) മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽനിന്ന് ക്ലബ്ബിനെ വിലക്കി.
- 2025 സയ്യിദ് മുഷ്താഖ് അലി ട്രോഫി ജേതാക്കൾ

**ജാർഖണ്ഡ്**

  - ഫൈനലിൽ പരാജയപ്പെടുത്തിയത് **ഹരിയാനയെ**
  - ഫൈനലിലെ താരം - **ഇഷാൻ കിഷൻ**
  - ടൂർണമെന്റിലെ താരം - **അനുകുൽ റോയ്**
- 2026-ൽ പുരുഷ ഫൈനലിസിമ പോരാട്ടത്തിന് വേദിയാകുന്നത്

**ഖത്തർ** (ലുസൈൽ സ്റ്റേഡിയത്തിൽ)

  - കോപ്പ അമേരിക്ക, യൂറോ കപ്പ് ജേതാക്കൾ തമ്മിലുള്ള പോരാട്ടമാണിത്
  - 2024-ൽ കോപ്പ അമേരിക്ക കിരീടം നേടിയ അർജന്റീനയും 2024-ലെ യൂറോ കപ്പ് നേടിയ സ്പെയിനും തമ്മിൽ മത്സരിക്കും
  - 2022 ജേതാക്കൾ - **അർജന്റീന**

- 2025 ഫിഫ ഇന്റർകോണ്ടിനെന്റൽ കപ്പ് ഫുട്ബോളിൽ ജേതാക്കളായത്

**പി.എസ്.ജി**

  - ഫ്ളെമെംഗോയെ പരാജയപ്പെടുത്തി (ബ്രസീൽ ക്ലബ്)

## Demise

- 2025 ഡിസംബറിൽ അന്തരിച്ച പ്രശസ്ത ഫാഷൻ ജേർണലിസ്റ്റ്

**മെഹർ കാസ്റ്റെലിനോ**

  - ഇന്ത്യയിലെ ആദ്യത്തെ ഫെമിന മിസ് ഇന്ത്യ ജേതാവാണ് ,
  - 1964-ൽ ആദ്യമായി നടന്ന ഫെമിന മിസ് ഇന്ത്യ മത്സരത്തിലെ വിജയിയാണ് മെഹർ കാസ്റ്റെലിനോ

- 2025 ഡിസംബറിൽ അന്തരിച്ച പ്രശസ്ത ശില്പി

**റാം സുതർ**

  - ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രതിമയായ സ്റ്റാച്യൂ ഓഫ് യൂണിറ്റി (ഏകതാ പ്രതിമ) സൃഷ്ടിച്ചത് ഇദ്ദേഹമാണ് .
  - പാർലമെന്റ് വളപ്പിലെ ധ്യാനനിരതനായ മഹാത്മാഗാന്ധിയുടെ പ്രതിമയും ഛത്രപതി ശിവജിയുടെ കുതിരസവാരി പ്രതിമയും ബെംഗളൂരു അന്താരാഷ്ട്ര വിമാനത്താവളത്തിലെ കെംപെ ഗൗഡ പ്രതിമയുമൊക്കെ അദ്ദേഹത്തിന്റെ പ്രശസ്തമായ സൃഷ്ടികളാണ്.
  - ഇന്ത്യയുടെ മൈക്കലാഞ്ചലോ എന്നറിയപ്പെടുന്നു.
  - 1999-ൽ പദ്മശ്രീയും 2016-ൽ പദ്മഭൂഷണും നൽകി രാജ്യം ആദരിച്ചു.

## Today's MCQ

1. രാജ്യത്തെ ആദ്യ ഇലക്ട്രിക് ട്രക്ക് ഇടനാഴി നിലവിൽ വരുന്നത്

   (a) തമിഴ്നാട് (b) കർണാടക

   (c) ഗുജറാത്ത് (d) കേരളം

2. മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് ഇന്ധനം നൽകരുത് എന്ന തീരുമാനമെടുത്ത സർക്കാർ

   (a) ഉത്തർപ്രദേശ് സർക്കാർ (b) ഡൽഹി സർക്കാർ

   (c) മഹാരാഷ്ട്ര സർക്കാർ (d) ഹരിയാന സർക്കാർ

**Ans:** 1. **(d)**, 2. **(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
21-22



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## National

- രാജ്യത്തിനു വേണ്ടി വീരമൃത്യു വരിച്ച മലയാളി സൈനികൻ വി.കെ. പ്രേമചന്ദ്രന്റെ സ്മരണയ്ക്കായി അടുത്തിടെ പ്രതിമ സ്ഥാപിക്കപ്പെട്ടത്

**മീററ്റ് (ഉത്തർപ്രദേശ്)**

  - ഇന്ത്യ-പാക് യുദ്ധത്തിൽ പാകിസ്ഥാൻ ഷെല്ലാക്രമണത്തിലാണ് അദ്ദേഹം വീരമൃത്യു വരിച്ചത്
  - മഹാവീർ ചക്ര റെജിമെന്റിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സൈനികർ ആദരാഞ്ജലി അർപ്പിക്കുകയും പ്രതിമ സ്ഥാപിക്കുകയും ചെയ്തു

- അടുത്തിടെ ആർ.ബി.ഐ. പുറത്തിറക്കിയ ഹാൻഡ്ബുക് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ഓൺ ഇന്ത്യൻ സ്റ്റേറ്റ്സ് 2024-25 റിപ്പോർട്ട് പ്രകാരം ജി.എസ്.ഡി.പിയിൽ ഒന്നാമതുള്ള സംസ്ഥാനം

**മഹാരാഷ്ട്ര**

  - പ്രതിശീർഷ വരുമാനത്തിൽ ഡൽഹി മുന്നിൽ

- സ്റ്റാർലിങ്കിന്റെ ഇന്ത്യയിലെ ആദ്യ ഓഫീസ്  സ്ഥാപിതമായത്

**ഡൽഹി**

  - ഇന്ത്യയിൽ ഉപഗ്രഹ ഇന്റർനെറ്റ് സേവനം നൽകുന്ന എലോൺ മസ്കിന്റെ കമ്പനി ആണ് സ്റ്റാർ ലിങ്ക്

- അടുത്തിടെ മണ്ണ് തടാകം ആരംഭിച്ച സംസ്ഥാനം

**മേഘാലയ**

  - ഈസ്റ്റ് ഗാരോ ഹിൽസ് ജില്ലയിലെ വില്യംനഗറിൽ മേഘാലയ മണ്ണ് തടാകം ഉദ്ഘാടനം ചെയ്തു.
  - മണ്ണ്, ജല സംരക്ഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നെങ്സാങ് നദീതട പദ്ധതിയുടെ കീഴിലാണ് മണ്ണ്  തടാകം വികസിപ്പിച്ചിരിക്കുന്നത്

- ഹരിയാനയിലെ 23-ാമത് ജില്ല

**ഹാൻസി**

  - മുഖ്യമന്ത്രി - **നയാബ് സിംഗ് സൈനി**

## International

- അടുത്തിടെ ബിഎംഡബ്ല്യു 7 സീരീസിൽ റോക്കറ്റ് ലോഞ്ചർ ഘടിപ്പിച്ച് പരീക്ഷണം നടത്തിയ രാജ്യം

**ഉക്രെയ്ൻ**

- **30th IFFK (International Film Festival of Kerala)**
  - മികച്ച ചിത്രം (സുവർണ ചകോരം) - **Two Seasons, Two Strangers** (സംവിധാനം - Sho Miyake)
  - മികച്ച സംവിധാനം (രജത ചകോരം) - **Carina Piazza, Lucia Bracelis** ( Antes del cuerpo)
  - മികച്ച നവാഗത സംവിധാനം (രജത ചകോരം) - **തനുശ്രീ ദാസ്, സൗമ്യനന്ദ സാഹി** (Baksho Bondi)
  - മികച്ച ഏഷ്യൻ ചിത്രത്തിനുള്ള NETPAC അവാർഡ് - **Jazireh** (Gozde Kural)

- ഇന്ത്യയിൽ നിന്നുള്ള മികച്ച നവാഗത സംവിധായകനുള്ള എഫ്എഫ്എസ്ഐ കെ. ആർ. മോഹനൻ അവാർഡ് - **തനുശ്രീ ദാസ്, സൗമ്യനന്ദ സാഹി** (Baksho Bondi)
- ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് - **Abderrahmane Sissako** (മൗറിറ്റാനിയൻ സംവിധായകൻ)
- സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് - **Kelly Fyffe-Marshall** (കനേഡിയൻ ചലച്ചിത്ര നിർമ്മാതാവ്)
- ഫോക്കസ് രാജ്യം - **വിയറ്റ്നാം**
- ഉദ്ഘാടന ചിത്രം - **പലസ്തീൻ 36** (ആനിമേരി ജാസിർ)

**Science and technology**

- അടുത്തിടെ ഇടുക്കി ജില്ലയിലെ ആനമുടി കുന്നുകളിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം സസ്യം

**Pogostemon anamudicum**

**Space**

- ബഹിരാകാശത്തേക്ക് സഞ്ചരിച്ച വീൽചെയർ ഉപയോഗിക്കുന്ന ലോകത്തിലെ ആദ്യത്തെ വ്യക്തി

**Michaela Benthaus**

  - ജർമ്മൻ എയ്റോസ്പേസ്, മെക്കാട്രോണിക്സ് എഞ്ചിനീയറാണ് മൈക്കേല.
  - ബ്ല്യൂ ഒർജിനിന്റെ NS - 37 ദൗത്യത്തിന്റെ ഭാഗമായിട്ടായിരുന്നു യാത്ര

**Sports**

- സൂപ്പർ ലീഗ് കേരള 2025 വിജയിച്ചത്

**കണ്ണൂർ വാരിയേഴ്സ്**

  - റണ്ണറപ്പ് - **തൃശൂർ മാജിക്**

**Demise**

- **ശ്രീനിവാസൻ**
  - ജനനം - **2 മേയ് 1950**
  - അന്തരിച്ചത് - **20 ഡിസംബർ 2025**
  - നടനായി അരങ്ങേറ്റം - **മണിമുഴക്കം** (1976, സംവിധാനം പി. എ. ബക്കർ)
  - ആദ്യ കഥ/തിരക്കഥ - **ഓടരുതമ്മാവാ ആളറിയാം** (1984)
  - സംവിധാനം ചെയ്ത രണ്ടു സിനിമകൾ - **വടക്കുനോക്കിയന്ത്രം, ചിന്താവിഷ്ടയായ ശ്യാമള**
  - അവസാനമായി തിരകഥ എഴുതിയ ചിത്രം - **ഞാൻ പ്രകാശൻ**
  - മഴയെത്തും മുമ്പേ എന്ന ചിത്രത്തിന് മികച്ച തിരക്കഥയ്ക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരവും സന്ദേശം എന്ന ചിത്രത്തിന് മികച്ച കഥയ്ക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരവും ലഭിച്ചിട്ടുണ്ട്.
  - 'ചിന്താവിഷ്ടയായ ശ്യാമള'ക്ക് 1998 - ലെ സാമൂഹിക വിഷയങ്ങളെക്കുറിച്ചുള്ള മികച്ച ചിത്രത്തിനുള്ള ദേശീയ ചലച്ചിത്ര അവാർഡ് ലഭിച്ചു.

**Today's MCQ**

1. 2026 ൽ പുരുഷ ഫൈനലിസിമ പോരാട്ടത്തിന് വേദിയാകുന്നത് എവിടെ ?
   (a) ഖത്തർ (b) സൗദി അറേബ്യ
   (c) ഫ്രാൻസ് (d) ഇറ്റലി
2. 2025 - ൽ അന്തരിച്ച റാം സൂതർ ഏത് മേഖലയുമായി ബന്ധപ്പെട്ട വ്യക്തിയാണ്
   (a) സാഹിത്യം (b) രാഷ്ട്രീയം
   (c) കായികം (d) ശില്പകല

**Ans : 1 (a), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
23-24





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 23.12.2025 TO 24.12.2025

## Kerala

- 35- 60 പ്രായപരിധിയിൽ ജോലിയില്ലാത്ത സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി

  **സ്ത്രീ സുരക്ഷാ പദ്ധതി**

  - സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നിലും ഗുണഭോക്താക്കൾ ആകാത്തവരും, അന്ത്യോദയ അന്നയോജനയിലും (മഞ്ഞ റേഷൻകാർഡ്) മുൻഗണനാ വിഭാഗ ങ്ങളിലും (പിങ്ക് റേഷൻകാർഡ്) ഉൾപ്പെടുന്നവരുമായ 35 നും 60 നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് 1000 രൂപ പ്രതിമാസ ധനസഹായം ഉറപ്പാക്കുന്ന പദ്ധതി
  - സംസ്ഥാനത്ത് സ്ഥിരതാമസമുള്ളവർക്കാണ് ആനുകൂല്യം ലഭിക്കുന്നത്

- ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തുന്ന രാജ്യത്തെ ആദ്യ ജില്ലാ ആശുപത്രി

  **എറണാകുളം**

- പ്രഥമ അന്താരാഷ്ട്ര സ്പൈസ് റൂട്ട് സമ്മേളനം

  **കൊച്ചി**

  - സംസ്ഥാന ടൂറിസം വകുപ്പുമായി സഹകരിച്ച് മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റ് ആണ് സമ്മേളനം സംഘടിപ്പിക്കുന്നത്
  - ടൂറിസം വകുപ്പ് മന്ത്രി - **മുഹമ്മദ് റിയാസ്**

## National

- കർമ്മശ്രീ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനം

  **പശ്ചിമ ബംഗാൾ**

  - 75 മുതൽ 100 ദിവസം വരെ തൊഴിൽ ഉറപ്പാക്കുന്ന ഈ പദ്ധതി ഇനി മുതൽ 'മഹാത്മാ ഗാന്ധി പദ്ധതി' എന്നായിരിക്കും അറിയപ്പെടുക.

- ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് ആഗോള പരമ്പരാഗത വൈദ്യശാസ്ത്ര ഉച്ചകോടിക്ക് വേദിയായത്

  **ഡൽഹി**

  - ഈ ഉച്ചകോടിയിൽ അശ്വഗന്ധ എന്ന ആയുർവേദ സസ്യത്തിന്റെ സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കി

## Sports

- 2025 ഡിസംബറിലെ ഫിഫ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം

  **142**

  - പട്ടികയിൽ ഒന്നാം സ്ഥാനം - **സ്പെയിൻ**
  - രണ്ടാം സ്ഥാനം - **അർജന്റീന**
  - മൂന്നാം സ്ഥാനം - **ഫ്രാൻസ്**

- 2026 പുരുഷ T-20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിനെ നയിക്കുന്നത്

**സൂര്യകുമാർ യാദവ്**

  - മലയാളിയായ സഞ്ജു സാംസൺ ടീമിൽ ഇടം നേടി
  - വേദി - **ഇന്ത്യ, ശ്രീലങ്ക**
  - ഇന്ത്യ 2007, 2024 വർഷങ്ങളിൽ കിരീടം നേടി

- ലിസ്റ്റ് എ ക്രിക്കറ്റിൽ ഒരു ഇന്ത്യക്കാരന്റെ ഏറ്റവും വേഗമേറിയ സെഞ്ചുറിയെന്ന റെക്കോഡ് നേടിയത്

**സാകിബുൾ ഗനി**

  - 32 പന്തുകളിൽ സെഞ്ചുറി നേടി

## Defence

- 78th കരസേന ദിനാഘോഷ വേദി

**ജയ്പൂർ**

  - കരസേനാ ദിനം - **ജനുവരി 15**
  - 2025 - **പൂനെ**
  - 2024 - **ലഖ്നൗ**

- ഇന്ത്യൻ നാവികസേനയിലെ 40 വർഷത്തെ സേവനത്തിന് ശേഷം 2025 ഡിസംബറിൽ ഡീകമ്മീഷൻ ചെയ്ത അന്തർവാഹിനി

**INS സിന്ധുഘോഷ്**

## Space

- ഇന്ത്യയിൽ നിന്നും വിക്ഷേപിക്കുന്ന ഏറ്റവും ഭാരമേറിയ ഉപഗ്രഹം

**ബ്ലൂബേർഡ് 6** (ബ്ലൂബേർഡ് ബ്ലോക്ക് 2)

  - വിക്ഷേപണ തീയതി - **2025 ഡിസംബർ 24**
  - വിക്ഷേപണം - **ശ്രീഹരിക്കോട്ട**
  - റോക്കറ്റ് - **എൽ.വി.എം. 3 എം 6**
  - ടവറില്ലാതെ സ്മാർട്ട്ഫോണുകളിലേക്ക് നേരിട്ട് ഹൈസ്പീഡ് സെല്ലുലാർ ബ്രോഡ്ബാൻഡ് എത്തിക്കുക എന്നതാണ് ബ്ലൂബേർഡ് ദൗത്യം ലക്ഷ്യമിടുന്നത്.
  - ടി.വിക്ടർ ജോസഫ് മിഷൻ ഡയറക്റും തിരുവല്ല സ്വദേശി ബിജു സി. തോമസ് വെഹിക്കിൾ ഡയറക്ടറുമായിരുന്നു

## Demise

- 2025 ഡിസംബറിൽ അന്തരിച്ച ഹിന്ദി സാഹിത്യകാരൻ

**വിനോദ് കുമാർ ശുക്ല**

  - 59-ാമത് ജ്ഞാനപീഠ പുരസ്കാര ജേതാവായ വ്യക്തി
  - ഛത്തീസ്ഗഢിൽ നിന്ന് ജ്ഞാനപീഠ പുരസ്കാരം ലഭിക്കുന്ന ആദ്യ വ്യക്തിയാണ്
  - ഹിന്ദി ഭാഷയിൽ ജ്ഞാനപീഠ പുരസ്കാരം ലഭിക്കുന്ന 12-ാമത് വ്യക്തിയാണ്
  - കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (1999) (കൃതി ദീവാർ മേം എക് ഖിട്കി രഹതി ഥി) ലഭിച്ചിട്ടുണ്ട്
  - പ്രഥമ മാതൃഭൂമി ബുക്ക് ഓഫ് ദ ഇയർ പുരസ്കാരം (2020) (കൃതി - Blue is Like Blue) ലഭിച്ചു

**Today's MCQ**

1. സ്റ്റാർലിംങ്കിന്റെ ഇന്ത്യയിലെ ആദ്യ ഓഫീസ് സ്ഥാപിതമായത് ?

   (a) ഡൽഹി (b) മുംബൈ

   (c) ചെന്നൈ (d) ബംഗളൂരു

2. അടുത്തിടെ മണ്ണ് തടാകം ആരംഭിച്ച സംസ്ഥാനം ?

   (a) ബീഹാർ (b) മേഘാലയ

   (c) രാജസ്ഥാൻ (d) മഹാരാഷ്ട്ര

   **Ans:** 1. **(a),** 2. **(b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
25-27



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 25.12.2025 TO 27.12.2025

## Appointment

- ഇന്ത്യയിലെ ഏറ്റവും പ്രായംകുറഞ്ഞ നഗരസഭാ അധ്യക്ഷ

  **ദിയ പുളിക്കക്കണ്ടം** (പാലാ നഗരസഭ)

## Awards

- പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ
  - 5 മുതൽ 18 വയസ്സുവരെയുള്ളവരുടെ പ്രത്യേക നേട്ടങ്ങൾക്ക് രാജ്യം നൽകുന്ന പരമോന്നത സിവിലിയൻ ബഹുമതിയാണിത്.
  - കേരളത്തിൽ നിന്നും മുഹമ്മദ് സിദാൻ പുരസ്കാരത്തിർഹനായി, ഇലക്ട്രിക് പോസ്റ്റിൽ നിന്ന് ഷോക്കേറ്റ സഹപാഠിയെ രക്ഷിച്ച ധീരതയ്ക്കാണ് അവാർഡ്.
  - ക്രിക്കറ്റ് താരമായ വൈഭവ് സൂര്യവംശി, പാരീസ് ഒളിമ്പിക്സിൽ മത്സരിച്ച നീന്തൽ താരം ദിനിധി ദേശിംഗു, ഗുജറാത്തിൽനിന്നുള്ള ചെസ് താരം ലക്ഷ്മി പ്രഗ്നിക എന്നിവരുൾപ്പെടെ 20 പേർക്കാണ് ഇത്തവണ പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരം ലഭിച്ചത്.

## Kerala

- സംസ്ഥാനത്തെ ആദ്യ ത്വക്ക് ദാനം നടന്നത്

  **തിരുവനന്തപുരം**
  - തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ള സംസ്ഥാനത്തെ ആദ്യ ത്വക്ക് ബാങ്കിലേക്കാണ് റോഡപകടത്തിൽപ്പെട്ട് മസ്തിഷ്ക മരണം സംഭവിച്ച ഷിബുവിന്റെ ത്വക്ക് ദാനം ചെയ്തത്
  - ഒരു വ്യക്തി മരിച്ച് ആറു മണിക്കൂറിനകം 0.1 - 0.9 മി.മീ ഘനത്തിലാണ് ത്വക്ക് എടുക്കുന്നത്.
  - തുടകളിൽ നിന്നും മറ്റ് മറഞ്ഞ ഭാഗങ്ങളിൽ നിന്നുമാണ് ത്വക്ക് ശേഖരിക്കുക. ത്വക്ക് ദാനം വഴി മൃതദേഹത്തിന് വൈകൃതം സംഭവിക്കില്ല.
- പൊതുശുചിമുറികൾ കണ്ടെത്താൻ തദ്ദേശ വകുപ്പിന്റെ 'മാലിന്യമുക്ത നവകേരളം' പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷൻ സജ്ജമാക്കിയ ആപ്പ്

  **ക്ലൂ** (KLOO)
  - യാത്രക്കാർക്ക് അവരുടെ ലൊക്കേഷന് തൊട്ടടുത്തുള്ള ശുചിമുറികൾ ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ എളുപ്പം കണ്ടെത്താമെന്നതാണ് ആപ്പിന്റെ പ്രധാന സവിശേഷത
- വന്യജീവി സങ്കർഷം ലഘൂകരിക്കാൻ തേനീച്ചക്കൂടുകൾ സ്ഥാപിക്കുന്ന വനംവകുപ്പ് പദ്ധതി

  **മധുവനം പദ്ധതി**
  - ആദ്യഘട്ടത്തിൽ നെയ്യാർ വന്യജീവി സങ്കേതത്തിലെ ഉന്നതികളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കും.
  - ജനവാസ മേഖലകളിലും കൃഷിയിടങ്ങളിലും തേനീച്ചകൂടുകൾ സ്ഥാപിക്കുന്നതു വഴി കാട്ടാന അടക്കമുള്ള വന്യജീവികൾ കാടിറങ്ങുന്നത് തടയാനാകുമെന്നാണ് വിലയിരുത്തത്

◆ ഹരിയാന ആസ്ഥാനമായുള്ള നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോഴ്സസ് (NBAGR) അടുത്തിടെ ദേശീയ തലത്തിൽ അംഗീകരിച്ച കുട്ടനാടൻ താറാവ് ഇനങ്ങൾ

**ചാര, ചെമ്പല്ലി**

## National

◆ രാജ്യത്തെ ആദ്യ ഫോറസ്റ്റ് യൂണിവേഴ്സിറ്റി സ്ഥാപിതമാകുന്നത്

**ഉത്തർപ്രദേശ്**

- ഗോരഖ്പുരിൽ സ്ഥാപിക്കും.
- വനം, വന്യജീവി, പരിസ്ഥിതി ശാസ്ത്രം എന്നിവയിൽ വിദ്യാഭ്യാസവും ഗവേഷണവും ശക്തിപ്പെടുത്തുന്നതിനാണ് സർവകലാശാല സ്ഥാപിക്കുന്നത്

◆ പ്രകൃതി പ്രമേയമാക്കിയുള്ള രാജ്യത്തെ ആദ്യ വിമാനത്താവളം

**ലോകപ്രിയ ഗോപിനാഥ് ബർദോളി അന്താരാഷ്ട്ര വിമാനത്താവളം** (അസം )

- അസമിലെ ഗുവാഹത്തിയിൽ പുതിയ ടെർമിനൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.
- അസമിന്റെ ആദ്യ മുഖ്യമന്ത്രി ഗോപിനാഥ് ബർദോളിയുടെ പേരിലുള്ള വിമാനത്താവളത്തിനു പുറത്ത് അദ്ദേഹത്തിന്റെ 80 അടി ഉയരമുള്ള പ്രതിമയും മോദി അനാച്ഛാദനം ചെയ്തു.

◆ 'രാഷ്ട്ര പ്രേരണ സ്ഥൽ' സ്ഥിതി ചെയ്യുന്നത്

**ലഖ്നൗ** (ഉത്തർപ്രദേശ്)

- മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു.
- അടൽ ബിഹാരി വാജ്പേയി, പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ, ഡോ. ശ്യാമ പ്രസാദ് മുഖർജി എന്നിവരുടെ 65 അടി ഉയരമുള്ള വെങ്കല പ്രതിമകളാണ് രാഷ്ട്രീയ പ്രേരണ സ്ഥൽ സമുച്ചയത്തിലുള്ളത്.
- അത്യാധുനിക മ്യൂസിയത്തിൽ നൂതന ഡിജിറ്റൽ സാങ്കേതിക വിദ്യകളിലൂടെ ഈ നേതാക്കൾ നടത്തിയിട്ടുള്ള സംഭാവനകൾ പ്രദർശിപ്പിക്കുന്നു.

◆ മൂന്ന് പുതിയ വിമാനക്കമ്പനികൾക്ക് കേന്ദ്രം അനുമതി നൽകി

- കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന അൽഹിന്ദ് എയർ, തെലങ്കാനയിലെ ഹൈദരാബാദ് ആസ്ഥാനമായ ഫ്ളൈ എക്സ്പ്രസ്, ഉത്തർപ്രദേശിലെ ലഖ്നൗ ആസ്ഥാനമായ ശംഖ് എയർ എന്നിവയ്ക്കാണ് അംഗീകാരം നൽകിയത് 2026 മാർച്ചിൽ സർവീസ് തുടങ്ങുമെന്ന് വ്യോമയാന മന്ത്രാലയം അറിയിച്ചു
- കേന്ദ്ര വ്യോമയാനമന്ത്രി രാം മോഹൻ നായിഡു

## International

◆ 2026 ജനുവരി 1 മുതൽ 'കിംബർലി പ്രോസസ്സ്' (Kimberley Process) എന്ന അന്താരാഷ്ട്ര കൂട്ടായ്മയുടെ അധ്യക്ഷ സ്ഥാനം ഏറ്റെടുക്കുന്ന രാജ്യം

**ഇന്ത്യ**

- ഇത് മൂന്നാം തവണയാണ് ഇന്ത്യ കിംബർലി പ്രോസസിന്റെ അധ്യക്ഷ പദവിയിൽ എത്തുന്നത്. (മുമ്പ് 2008 ലും 2019 ലും ഇന്ത്യ അധ്യക്ഷത വഹിച്ചിട്ടുണ്ട്).
- നിയമവിരുദ്ധമായി ഖനനം ചെയ്യുന്ന **Conflict Diamonds** അഥവാ 'ബ്ലഡ് ഡയമണ്ട്സ്' വ്യാപാരം തടയുക എന്നതാണ് ഈ സംഘടനയുടെ ലക്ഷ്യം
- സ്ഥാപിതമായത് : **2003**

## Sports

- അർജുന അവാർഡിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ യോഗാസന കായികതാരം

  **ആരതി പാൽ**

  - മധ്യപ്രദേശിലെ ഇൻഡോർ സ്വദേശിയാണ് ആരതി

- പ്രഥമ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന് വേദിയാകുന്നത്

  **ഛത്തീസ്ഗഢ്**

  - 2026 ഫെബ്രുവരി 14 ന് ഗെയിംസിന് തുടക്കമാകും
  - ഭാഗ്യചിഹ്നം : **മോർവീർ**
  - ആകെ 7 കായിക ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുക

## Today's MCQ

1. 78th കരസേന ദിനാഘോഷ വേദി

   (a) ജയ്പൂർ (b) പൂനെ

   (c) ലഖ്നൗ (d) കൊച്ചി

2. 2025 ഡിസംബറിലെ ഫിഫ റാങ്കിംഗ് പ്രകാരം ഇന്ത്യയുടെ സ്ഥാനം

   (a) 131 (b) 136

   (c) 144 (d) 142

   **Ans:** 1. **(a)**, 2. **(d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

DECEMBER
28-29




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 28.12.2025 TO 29.12.2025

## Appointment

- അടുത്തിടെ ബി.ഡബ്ല്യു.എഫ് അത്‌ലറ്റ്സ് കമ്മീഷൻ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത്

**പി വി സിന്ധു**

  - രണ്ടുതവണ ഒളിമ്പിക് മെഡൽ ജേതാവും മുൻ ലോക ചാമ്പ്യനുമായ പി വി സിന്ധുവിനെ 2026-2029 കാലയളവിലേക്കുള്ള ബിഡബ്ല്യുഎഫ് അത്‌ലറ്റ്സ് കമ്മീഷന്റെ ചെയർമാനായി തിരഞ്ഞെടുത്തു.

## Kerala

- പശ്ചിമഘട്ട സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ചിത്രശലഭവൈവിധ്യമുള്ള സംസ്ഥാനം

**കേരളം**

  - ശാസ്ത്ര ജേർണലായ എന്റോമോൺ പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരമാണിത്.
  - കേരളത്തിൽ 328 ചിത്രശലഭ ഇനങ്ങളെയാണ് രേഖപ്പെടുത്തിയത്. ഇതിൽ 41 ഇനങ്ങൾ പശ്ചിമഘട്ടങ്ങളിൽ മാത്രം കാണപ്പെടുന്നവയാണ്

## National

- ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമു സന്താലി ഭാഷയിലുള്ള ഇന്ത്യൻ ഭരണഘടന പുറത്തിറക്കി.
  - ഓൾ ചിക്കി ലിപിയിലാണ് എഴുതിയിരിക്കുന്നത് . സന്താലി ഭാഷ എഴുതാൻ ഉപയോഗിക്കുന്ന തനത് ലിപിയാണ് 'ഓൾ ചിക്കി' (Ol Chiki). ഇത് 1925 -ൽ പണ്ഡിറ്റ് രഘുനാഥ് മുർമു ആണ് വികസിപ്പിച്ചെടുത്തത്.
  - 2003 - ലെ-ാം ഭേദഗതി നിയമത്തിലൂടെ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ഭാഷകളിൽ ഒന്നാണിത്. (മറ്റ് മൂന്ന് ഭാഷകൾ: ബോഡോ, ഡോഗ്രി, മൈഥിലി).
  - ദ്രൗപതി മുർമു സന്താൾ വിഭാഗത്തിൽ നിന്നുള്ളയാളാണ്.
- നാഷണൽ ഇന്റൽ ഗ്രിഡിനെ ദേശീയ ജനസംഖ്യാ രജിസ്റ്ററുമായി ബന്ധിപ്പിക്കുന്നു
  - പോലീസിനും അന്വേഷണ ഏജൻസികൾക്കും സർക്കാർ, സ്വകാര്യ ഡാറ്റാബേസുകൾ തത്സമയം സുരക്ഷിതമായി ആക്സസ് ചെയ്യുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമാണ് NATGRID.
- ജമ്മുകശ്മീരിൽ 260 MW ശേഷിയുള്ള ദുൽഹസ്തി സ്റ്റേജ് II ജലവൈദ്യുത പദ്ധതി സ്ഥാപിതമാകുന്ന നദി

**ചെനാബ്**

  - പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് പാകിസ്ഥാനുമായുള്ള സിന്ധു നദീജല കരാർ ഇന്ത്യ താൽക്കാലികമായി നിർത്തിവച്ചതിന്റെ പശ്ചാത്തലത്തിലാണ് ഈ അനുമതി ലഭിക്കുന്നത്.

## International

- 2026 അന്താരാഷ്ട്ര വർഷങ്ങൾ
  - അന്താരാഷ്ട്ര വനിതാ കർഷക വർഷം (International Year of the Woman Farmer)
  - സുസ്ഥിരവികസന സന്നദ്ധസേവകരുടെ അന്താരാഷ്ട്ര വർഷം (International Year of Volunteers for Sustainable Development)
  - മേച്ചിൽപ്പുറങ്ങളുടെയും ഇടയന്മാരുടെയും അന്താരാഷ്ട്ര വർഷം (International Year of Rangelands and Pastoralists)

- അടുത്തിടെ ലോകത്തിലെ ഏറ്റവും നീളം കൂടിയ എക്സ്പ്രസ് വേ തുരങ്കം നിലവിൽ വന്നത്

**ചൈന**

  - 22.13 കിലോമീറ്റർ ദൈർഘ്യമുള്ള ടിയാൻഷാൻ ഷെങ്‌ലി തുരങ്കമാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്
  - ചൈനയിലെ സിൻജിയാങ് ഉയ്ഗുർ സ്വയംഭരണ മേഖലയിലാണ് എക്സ്പ്രസ്സ് വേ നിർമിച്ചിരിക്കുന്നത്.

- സൊമാലിലാൻഡിനെ ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമായി ഔദ്യോഗികമായി അംഗീകരിച്ച ആദ്യത്തെ രാജ്യം

**ഇസ്രായേൽ**

## Defence

- അടുത്തിടെ ഇന്ത്യൻ രാഷ്ട്രപതി സഞ്ചരിച്ച ഫ്രണ്ട്‌ലൈൻ അന്തർവാഹിനി

**ഐഎൻഎസ് വാഗ്ഷീർ**

  - ഇന്ത്യൻ നാവികസേന തദ്ദേശീയമായി നിർമ്മിച്ച കൽവാരി ക്ലാസ് അന്തർവാഹിനി ഐഎൻഎസ് വാഗ്ഷീറിൽ രാഷ്ട്രപതി ദ്രൗപതി മുർമു യാത്ര നടത്തി
  - കൽവാരി ക്ലാസ് അന്തർവാഹിനിയിൽ സഞ്ചരിച്ച ആദ്യ രാഷ്ട്രപതി ദ്രൗപതി മുർമുവാണ്.
  - ആദ്യമായി അന്തർവാഹിനിയിൽ സഞ്ചരിച്ച രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം ആണ്
  - 2006 ൽ വിശാഖപട്ടണത്ത് മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം അന്തർവാഹിനിയിൽ സഞ്ചരിച്ചു
  - രണ്ടാമതായി അന്തർവാഹിനിയിൽ സഞ്ചരിച്ച രാഷ്ട്രപതിയായിരിക്കുകയാണ് ദ്രൗപതി മുർമു

## Space

- ചന്ദ്രനിൽ ആണവോർജ്ജ നിലയം സ്ഥാപിക്കാനുള്ള പദ്ധതി പ്രഖ്യാപിച്ച രാജ്യം

**റഷ്യ**

  - 2036 ഓടെ ചന്ദ്രനിൽ ആണവനിലയം നിർമ്മിക്കാൻ റഷ്യ പദ്ധതിയിടുന്നു

## Sports

- അടുത്തിടെ വനിത T20 ക്രിക്കറ്റിലെ ഏറ്റവും വേഗതയേറിയ അർദ്ധ സെഞ്ചറി നേടിയ താരം

**ലോറ ഹാരിസ്**

  - ഓസ്‌ട്രേലിയൻ ക്രിക്കറ്റ് താരമാണ്
  - 15 പന്തിൽ അർദ്ധസെഞ്ചറി നേടിയ ഇംഗ്ലണ്ടിന്റെ മേരി കെല്ലിയുടെ റെക്കോർഡിന് ഒപ്പമെത്തി ഹാരിസ്.

- അടുത്തിടെ ഓസ്‌ട്രേലിയൻ ക്രിക്കറ്റ് ഹാൾ ഓഫ് ഫെയിമിൽ ബ്രെറ്റ് ലീ ഇടം നേടിയ താരം

**ബ്രെറ്റ് ലീ**

## Today's MCQ

1. രാജ്യത്തെ ആദ്യ ഇലക്ട്രിക് ട്രക്ക് ഇടനാഴി നിലവിൽ വരുന്നത്

   (a) തമിഴ്നാട് (b) കർണാടക

   (c) ഗുജറാത്ത് (d) കേരളം

2. മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് ഇന്ധനം നൽകരുത് എന്ന തീരുമാനമെടുത്ത സർക്കാർ

   (a) ഉത്തർപ്രദേശ് സർക്കാർ (b) ഡൽഹി സർക്കാർ

   (c) മഹാരാഷ്ട്ര സർക്കാർ (d) ഹരിയാന സർക്കാർ

**Ans:** 1. **(a)**, 2. **(b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

DECEMBER
30-31




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 30.12.2025 TO 31.12.2025

## Awards

- 2025- ൽ നിയമസഭാ സാഹിത്യ പുരസ്കാരത്തിന് അർഹനായത്
  **എൻ എസ് മാധവൻ**
  - സാഹിത്യ, കല, സാംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവനക്കുള്ള പുരസ്കാരമാണിത്
  - 2024 ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവാണ് ഇദ്ദേഹം

## Appointment

- കോർപറേഷൻ മേയർമാരായി സത്യപ്രതിജ്ഞ ചെയ്തവർ
  - തിരുവനന്തപുരം - **വി.വി.രാജേഷ്**
  - കൊല്ലം - **എ.കെ. ഹഫീസ്**
  - കൊച്ചി - **വി.കെ. മിനിമോൾ**
  - തൃശ്ശൂർ - **ഡോ. നിജി ജസ്റ്റിൻ**
  - കോഴിക്കോട് - **ഒ. സദാശിവൻ**
  - കണ്ണൂർ - **പി. ഇന്ദിര**
  - സംസ്ഥാനത്തെ വനിതാ മേയർമാരുടെ എണ്ണം : **3**

## Kerala

- സംസ്ഥാനത്തെ ബാറുകളിൽ മദ്യത്തിന്റെ അളവിൽ കൃത്രിമം നടക്കുന്നുണ്ടോ എന്നറിയാൻ വിജിലൻസ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധന
  **ഓപ്പറേഷൻ ബാർകോഡ്**
- 2025 ൽ നവതി ആഘോഷിച്ച കേരള സാഹിത്യകാരൻ
  **എസ് കെ വസന്തൻ**
  - 2023 എഴുത്തച്ഛൻ പുരസ്കാര ജേതാവാണ് എസ് കെ വസന്തൻ

## NATIONAL

- പ്രധാനമന്ത്രി ഗ്രാമ സഡക് യോജന 2025- ൽ 25 വർഷം പൂർത്തിയാക്കി
  - തുടക്കം: **2000 ഡിസംബർ 25**
  - മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്
  - ഗ്രാമീണ മേഖലകളിലെ ജനവാസ കേന്ദ്രങ്ങളെ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ കഴിയുന്ന റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ പദ്ധതി
- ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ് നിർമ്മിക്കുന്ന പേ വിഷബാധ വിരുദ്ധ വാക്സിൻ
  **അഭയ്റാബ്**
- 2026 ഫെബ്രുവരിയിൽ നടക്കുന്ന എഐ ഇമ്പാക്ട് ഉച്ചകോടി വേദി
  **ഡൽഹി**
- പാർവതി അർഗ പക്ഷി സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം
  **ഉത്തർപ്രദേശ്**
  - ഇതിനെ പരിസ്ഥിതിലോല മേഖലയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു

**Defence**

- ഐ.എൻ.എസ്.വി കൗണ്ടിന്യ ആദ്യ യാത്ര നടത്തുന്ന രാജ്യം

  **ഒമാൻ**

  - ഇന്ത്യൻ നാവികസേനയുടെ 'തുന്നിയെടുത്ത' കപ്പൽ എന്നാണ് ഈ കപ്പൽ അറിയപ്പെടുന്നത്
  - പുരാതന ഇന്ത്യൻ കപ്പൽനിർമാണ വിദ്യകളുപയോഗിച്ച് എൻജിനും ലോഹഭാഗങ്ങളും ഇല്ലാതെ നിർമിച്ച കപ്പലാണിത്
  - പുരാതനകാലത്ത് ഇന്ത്യയിൽനിന്ന് പശ്ചിമേഷ്യയിലേക്കടക്കം പോയിരുന്ന പാതയിലൂടെ അന്നുപയോഗിച്ചിരുന്ന അതേ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് കൗണ്ടിന്യ യാത്രചെയ്യുന്നത്
  - ഗുജറാത്തിലെ പോർബന്തറിൽ നിന്ന് ഒമാനിലെ മസ്കറ്റിലേക്കാണ് INSV കൗണ്ടിന്യയുടെ കന്നി വിദേശ യാത്ര.

**Sports**

- ലോക റാപ്പിഡ് ചെസ് ചാംപ്യൻഷിപ് ഓപ്പൺ വിഭാഗത്തിൽ കിരീടം നേടിയത്

  **മാഗ്നസ് കാൾസൻ**(നോർവേ )

  - ഇന്ത്യയുടെ അർജുൻ എരിഗൈയ്സി മൂന്നാമതെത്തി
  - വനിതാ വിഭാഗത്തിൽ റഷ്യയുടെ Aleksandra Goryachkina ഒന്നാമതെത്തി ( ഇന്ത്യയുടെ കൊനേരു ഹംപി മൂന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു.)

**Demise**

- 2025 ഡിസംബറിൽ അന്തരിച്ച കലാസംവിധായകൻ

  **കെ.ശേഖർ**

  - ഇന്ത്യയിലെ ആദ്യ 3D ചിത്രമായ 'മൈഡിയർ കുട്ടിച്ചാത്തന്റെ' കലാസംവിധായകനായിരുന്നു
  - മലയാളത്തിലെ ആദ്യ 70 എംഎം ചിത്രം 'പടയോട്ട'ത്തിന്റെ കോസ്റ്റ്യൂം പബ്ലിസിറ്റി ഡിസൈനറായിക്കൊണ്ടാണ് സിനിമാലോകത്തെത്തുന്നത്

**Todays MCQ**

1. അടുത്തിടെ ലോകത്തിലെ ഏറ്റവും നീളം കൂടിയ എക്സ്പ്രസ് വേ തുരങ്കം നിലവിൽ വന്നതെവിടെ

   (a) ഇന്ത്യ (b) ചൈന

   (c) റഷ്യ (d) ഫ്രാൻസ്

2. അടുത്തിടെ ഇന്ത്യൻ രാഷ്ട്രപതി സഞ്ചരിച്ച ഫ്രണ്ട്ലൈൻ അന്തർവാഹിനി

   (a) ഐ.എൻ. എസ് . വാഗ്ഷീർ

   (b) ഐ.എൻ.എസ് അരിഘാത്

   (c) ഐ.എൻ. എസ്. വഗീർ

   (d) ഐ.എൻ. എസ്. അരിധമാൻ

**Ans : 1. (b), 2. (a)**